Sahyanadham
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Murickassery 685 604 Editor,
Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 14
മാർച്ച് 2017
ലക്കം 03



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 3
Month : March 2017





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*
Fr. Joseph Karikoottathil

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| നോമ്പുകാല സന്ദേശം | 05 |
| നോമ്പുകാലം നമ്മുടെ ജീവിതത്തിൽ | 12 |
| ഫാ. ടോം ഉഴുന്നാലിൽ | 17 |
| രൂപതക്കച്ചേരി | 20 |
| മൈനർ സെമിനാരി | 27 |
| ക്രിസ്തുജ്യോതി | 28 |
| വിദ്യാഭ്യാസം | 32 |
| സാമൂഹ്യസേവനം | 38 |
| ചെറുപുഷ്പ മിഷൻലീഗ് | 42 |
| കെ.സി.എസ്.എൽ. | 43 |
| ജീസസ്സ് യൂത്ത് | 43 |
| മദ്യവിരുദ്ധസമിതി | 44 |
| കുടുംബ പ്രേഷിതത്വം | 45 |
| നവോമി കുടുംബകേന്ദ്രം | 47 |
| മാതൃവേദി | 48 |
| കുടുംബക്കൂട്ടായ്മ | 49 |
| കേരള ലേബർ മൂവ്മെന്റ് | 50 |
| ആത്മജ്യോതിയിലെ പരിപാടികൾ | 51 |
| അറിയിപ്പുകൾ | 51 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 52 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 53 |


***"Jesus entrusted to Peter the keys to open the entrance to the kingdom of heaven, and not to close it."***
*Pope Francis, Tweet, 22-02-2017*

## ഓർമ്മിക്കാൻ

### മാർച്ച് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01-03 | : | വിവാഹ ഒരുക്കധ്യാനം, ആത്മജ്യോതി, അടിമാലി |
| 05 | : | കുടുംബക്കൂട്ടായ്മ ഫൊറോനാ സംഗമം, രാജാക്കാട് |
| 05-10 | : | എഫ്ഫാത്താ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 11 | : | സി.എം.എൽ. സംസ്ഥാന മാനേജിംഗ് കമ്മറ്റി, പി.ഒ.സി., എറണാകുളം |
| 11-12 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| | : | കെ.എൽ.എം. സംസ്ഥാന നേതൃത്വ സമ്മേളനം, പി.ഒ.സി., എറണാകുളം |
| 12 | : | കുടുംബക്കൂട്ടായ്മ ഫൊറോനാ സംഗമം, ഇരട്ടയാർ |
| 13 | : | കെ.എൽ.എം. രൂപതാ ഡയറക്ടർമാരുടെ യോഗം, പി.ഒ.സി., എറണാകുളം |
| 13-15 | : | വിവാഹ ഒരുക്കധ്യാനം, ആത്മജ്യോതി, അടിമാലി |
| 16-19 | : | ദമ്പതീധ്യാനം, ആത്മജ്യോതി, അടിമാലി |
| 18 | : | വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ (19 ഞായർ) |
| | : | ജറുസലെമിലെ വി. സിറിൽ |
| | : | അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും, രാജമുടി ക്രിസ്തുരാജ് പാരീഷ്ഹാൾ |
| 19 | : | കുടുംബക്കൂട്ടായ്മ ഫൊറോനാ സംഗമം, നെടുംകണ്ടം |
| 19-25 | : | വിവാഹ ദൈവവിളിവാരം |
| 25 | : | മംഗലവാർത്താതിരുനാൾ |
| | : | ജീവൻ ദിനാചരണം, കരിമ്പൻ |
| 26 | : | കുടുംബക്കൂട്ടായ്മ ഫൊറോനാ സംഗമം, വെള്ളയാംകുടി |
| 27-29 | : | വിവാഹ ഒരുക്കധ്യാനം, ആത്മജ്യോതി, അടിമാലി |

C. 8. സർക്കുലർ

# നോമ്പുകാലസന്ദേശം - 2017

## ഫ്രാൻസിസ് മാർപാപ്പാ

### വചനം ഒരു ദാനമാണ്, മറ്റു വ്യക്തികൾ ഒരു ദാനമാണ്

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം ഒരു പുതിയ തുടക്കമാണ്. മരണത്തിൻമേൽ ക്രിസ്തുനേടിയ വിജയമാകുന്ന ഉത്ഥാനം എന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന പാതയാണ്. മാനസാന്തരപ്പെടാൻ ഈ കാലം നമ്മെ നിർബന്ധിക്കുന്നു. "പൂർണഹൃദയത്തോടെ" (ജോയേൽ 2:12) ദൈവത്തിലേക്ക് പിന്തിരിയാനും മന്ദത ഉപേക്ഷിച്ച് കർത്താവുമായുള്ള സൗഹൃദബന്ധത്തിൽ വളരാനും ക്രൈസ്തവരോട് അത് ആവശ്യപ്പെടുന്നു. നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത വിശ്വസ്തനായ സുഹൃത്താണ് യേശുക്രിസ്തു. നമ്മൾ പാപം ചെയ്യുമ്പോഴും അവിടുന്ന് നമ്മുടെ തിരിച്ചുവരവിനായി ക്ഷമാപൂർവം കാത്തിരിക്കുന്നു. ക്ഷമാപൂർവകമായ ആ പ്രതീക്ഷ വഴി ക്ഷമിക്കാനുള്ള അവിടുത്തെ സന്നദ്ധത നമുക്കു വ്യക്തമാക്കിത്തരുന്നു (cf Homily, 8 January 2016).

സഭ നല്കുന്ന വിശുദ്ധീകരണ മാർഗങ്ങളിലൂടെ ആധ്യാത്മിക ജീവിതം ആഴപ്പെടുത്താൻ അനുകൂലമായ കാലമാണ് നോമ്പുകാലം. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് വിശുദ്ധീകരണ മാർഗങ്ങൾ. എല്ലാറ്റിന്റെയും അടിസ്ഥാനമായിട്ടുള്ളത് ദൈവവചനമാണ്. ദൈവവചനം കേൾക്കാനും അതിനെപ്പറ്റി കൂടുതൽ ആഴത്തിൽ ചിന്തിക്കാനും നോമ്പുകാലത്തു നാം ക്ഷണിക്കപ്പെടുന്നു. ഇവിടെ സമ്പന്നനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമയെപ്പറ്റി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു (cf ലൂക്കാ 16:19-31). അർത്ഥപൂർണമായ ഈ കഥയിൽ നിന്ന് നമുക്കു പ്രചോദനം സ്വീകരിക്കാം. കാരണം, യഥാർത്ഥ സന്തോഷവും നിത്യജീവനും നേടാൻ നാം എന്താണു ചെയ്യേണ്ടതെന്ന് ആ ഉപമ പഠിപ്പിക്കുന്നു. ആത്മാർത്ഥമായി മാനസാന്തരപ്പെടാൻ അത് ആഹ്വാനം ചെയ്യുന്നു.



#### 1. അന്യവ്യക്തി ഒരു ദാനമാണ്

ആ ഉപമ തുടങ്ങുന്നത് പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ്. ദരിദ്രനായ മനുഷ്യനെപ്പറ്റി കൂടുതൽ വിവരങ്ങൾ നല്കുന്നുണ്ട്. അയാൾ കഷ്ടതയിൽപ്പെട്ട് നില്ക്കാൻപോലും കഴിവില്ലാതായവനാണ്. അയാൾ സമ്പന്നന്റെ പടിവാതുക്കൽക്കിടന്ന് സമ്പന്നന്റെ മേശയിൽ നിന്നു വീഴുന്ന അപ്പകഷണങ്ങൾ തിന്നു കഴിയുന്നു. അയാളുടെ ശരീരം മുഴുവനും വ്രണമാണ്. പട്ടികൾ വന്ന് അയാളുടെ മുറിവുകൾ നക്കിക്കൊണ്ടിരുന്നു (cf വാ. 20-21). വലിയ കഷ്ടതയുടെ ചിത്രമാണിത്. നിർഭാഗ്യവാനും സഹതാപത്തിന് അർഹനുമായ ഒരു മനുഷ്യനെ അതു ചിത്രീകരിക്കുന്നു.

ആ ദരിദ്രൻ ലാസർ എന്നു വിളിക്കപ്പെടുന്നുവെന്ന കാര്യം പരിഗണിക്കുമ്പോൾ ചിത്രം കൂടുതൽ നാടകീയമായിത്തീരുന്നു. വാഗ്ദാനങ്ങൾ നിറഞ്ഞവൻ എന്നാണ് ആ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ പേരിന്റെ വാച്യാർത്ഥം "ദൈവം സഹായിക്കുന്നു" എന്നാണ്. ഈ കഥാപാത്രം അജ്ഞാതമല്ല. അയാളുടെ സവിശേഷതകൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സ്വന്തം ചരിത്രമുള്ള വ്യക്തിയായി അയാൾ കാണപ്പെടുന്നു. അയാൾ സമ്പന്നന് പ്രായോഗികമായി അദൃശ്യനാണെങ്കിലും പരിചയക്കാരനായി അയാളെ നാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. അയാൾ ഒരു മുഖമാണ്. ആ നിലയിൽ ഒരു ദാനമാണ്, അമൂല്യനിധിയാണ്. സമൂദായഭ്രഷ്ടനെന്ന നിലയാണ്, വസ്തുനിഷ്ഠമായി അയാൾക്കുള്ളതെങ്കിലും ദൈവം സ്നേഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് (cf Homily, 8 January 2016).

മറ്റു വ്യക്തികൾ ഒരു ദാനമാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. ആളുകളുമായുള്ള ശരിയായ ബന്ധം അവരുടെ മൂല്യത്തെ നന്ദിപൂർവം അംഗീകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സമ്പന്നന്റെ വാതിൽപ്പടിക്കൽ കിടക്കുന്ന ദരിദ്രൻ പോലും ഒരു ശല്യമല്ല. പിന്നെയോ മാനസാന്തരത്തിനും മാറ്റത്തിനുംവേണ്ടിയുള്ള വിളിയാണ്. നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കാൻ ഈ ഉപമ ഒന്നാമതായി നമ്മെ പഠിപ്പിക്കുന്നു. കാരണം, ഓരോ വ്യക്തിയും ഒരു ദാന

മാണ്. ആ വ്യക്തി നമ്മുടെ അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനായാലും ഒരു ദാനമാണ്. ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണാനുംവേണ്ടി വാതിലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം. ഓരോ ദിവസവും ഇത്തരത്തിലുള്ളവരെ നാം കണ്ടുമുട്ടുന്നുണ്ട്. സ്വീകരണവും ആദരവും സ്നേഹവും അർഹിക്കുന്ന ഒരു ദാനമാണ് നാം ഓരോ ദിവസവും കണ്ടുമുട്ടുന്ന ഓരോ ജീവിതം. ജീവനെ സ്വാഗതം ചെയ്യാനും സ്നേഹിക്കാനും, പ്രത്യേകിച്ച് അത് ദുർബലവും മുറിപ്പെടാവുന്നതുമാണെങ്കിൽ, നമ്മുടെ കണ്ണുകൾ തുറക്കാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. പക്ഷേ, അങ്ങനെ ചെയ്യുന്നതിന്, സുവിശേഷം സമ്പന്നനെപ്പറ്റി പറയുന്നതെന്താണെന്ന് ഗൗരവപൂർവം പരിഗണിക്കണം.

**2. പാപം നമ്മെ ബന്ധിക്കുന്നു**

സമ്പന്നനായ മനുഷ്യനോടു ബന്ധപ്പെട്ട വൈരുധ്യങ്ങൾ ഉപമയിൽ പൂർണമായി വിവരിച്ചിട്ടുണ്ട് (cf വാ. 19). ലാസറിനുള്ളതുപോലെ ഒരു പേര് സമ്പന്നനില്ല. അയാൾ വെറുതെ “സമ്പന്നനായ മനുഷ്യൻ” എന്നുമാത്രം വിളിക്കപ്പെടുന്നു. അയാളുടെ സമ്പത്തിന്റെ അതിസമൃദ്ധി അയാളുടെ അനിയന്ത്രിതവും അമിതച്ചെലവുള്ളതുമായ വസ്ത്രങ്ങളിൽത്തന്നെ കാണാവുന്നതാണ്. ചെമന്നപട്ട് വെള്ളിയെക്കാളും സ്വർണത്തെക്കാളും വിലകൂടിയതായിരുന്നു. അതുകൊണ്ട് അത് അവയെല്ലാം ദേവന്മാർക്കും (cf ജറ 19:9), രാജാക്കന്മാർക്കും (cf ന്യായാ 8:26) മാത്രം ഉപയോഗിക്കാവുന്നവയായിരുന്നു. മൃദുലവസ്ത്രം അതു ധരിക്കുന്നവന് മിക്കവാറും വിശുദ്ധരുടെ ഭാവം നല്കിയിരുന്നു. അയാൾ സ്വന്തം സമ്പത്സമൃദ്ധിയെ പ്രദർശിപ്പിക്കാൻ ശീലമായിട്ടുള്ളവനായിരുന്നുവെന്നതു വ്യക്തമാണ്. അത് അയാൾ എല്ലാദിവസവും പ്രദർശിപ്പിക്കുകയും ചെയ്തു. അയാൾ “എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു” (cf വാ.19) അയാളിൽ പാപംകൊണ്ടുള്ള ഭൂഷണത്തെ നമുക്കു നാടകീയമായി കാണാൻ കഴിയും. അത് അനുക്രമമായ മൂന്നു ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്നു. ധനമോഹം, പൊള്ളയായ സ്വയം ആത്മാ



ഭിമാനം, അഹങ്കാരം എന്നിവയാണ് ആ ഘട്ടങ്ങൾ (cf Homily, 20 Sept. 2013).

വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഇങ്ങനെ പഠിപ്പിക്കുന്നു: “ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിവേര്” (1 തിമോ 6:10). അതാണ് അഴിമതിയുടെ കാരണം, അസൂയ, മത്സരം, സംശയം എന്നിവയുടെ ഉറവിടവും അതാണ്. പണത്തിന് നമ്മുടെമേൽ ആധിപത്യം പുലർത്താൻ കഴിയും. സ്വേഛാധിപത്യപരമായ വിഗ്രഹമായിത്തീരാൻപോലും കഴിയും (cf സുവിശേഷത്തിന്റെ സന്ദേശം 55). നന്മചെയ്യാനും മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യം കാണിക്കാനും നമ്മെ സേവിക്കുന്ന ഒരു ഉപകരണമായിരിക്കേണ്ടതാണു പണം. പക്ഷേ അത് അതിനുപകരം നമ്മെയും മുഴുവൻ ലോകത്തെയും സ്നേഹിക്കാൻ ഇടം തരാത്തതും സമാധാനത്തെ തടയുന്നതുമായ സ്വാർത്ഥതയുടെ യുക്തിയിൽ കെട്ടിയിടും.

അങ്ങനെ സമ്പന്നനെ അയാളുടെ അത്യാഗ്രഹം ശൂന്യനാക്കുന്നുവെന്ന് ഈ ഉപമ കാണിച്ചുതരുന്നു. അയാളുടെ വ്യക്തിത്വം തനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് മറ്റുള്ളവരെ കാണിക്കുന്നതിൽ, പ്രദർശനങ്ങളിൽ, പ്രകാശിപ്പിക്കപ്പെടുന്നു. എന്നാൽ അയാളുടെ ബാഹ്യശോഭ അയാളുടെ ആന്തരികശൂന്യതയെ മറച്ചുവയ്ക്കുന്നു. അയാളുടെ ജീവിതം ബാഹ്യപ്രകടനത്തിന്റെ തടവുകാരനാണ്, അസ്തിത്വത്തിന്റെ ഏറ്റവും ഉപരിപ്ലവവും ക്ഷണഭംഗുരവുമായ വശങ്ങളുടെ തടവുകാരനാണ് (cf ibid, 62).

അയാളുടെ ധാർമ്മികാധഃപതനത്തിന്റെ ഏറ്റവും അടിയിലെ ചവിട്ടുപടി അഹങ്കാരമാണ്. സമ്പന്നനായ ആ മനുഷ്യൻ രാജാവിനെപ്പോലെ വേഷങ്ങൾ അണിയുന്നു, ഒരു ദൈവത്തെപ്പോലെ പെരുമാറുന്നു. കേവലം മരണമുള്ളവനാണ് താനെന്ന് അയാൾ മറക്കുന്നു. സമ്പത്തിനോടുള്ള സ്നേഹത്താൽ ജീർണിച്ചവർക്ക് അവരുടെ തന്നെ അഹംഭാവമല്ലാതെ മറ്റൊന്നുമില്ല. തങ്ങൾക്കു ചുറ്റുമുള്ളവരെ അവർ കാണുന്നില്ല. പണത്തോടുള്ള ഒട്ടിച്ചേരൽ ഒരുതരം അന്ധതയാണ്. വിശന്നും മുറിവേറ്റും തന്റെ വാതിൽപ്പടിക്കൽ കിടക്കുന്ന ദരിദ്രനെ സമ്പന്നൻ കാണുന്നേയില്ല.

ഈ കഥാപാത്രത്തിലേക്കു നോക്കുമ്പോൾ നമുക്കു മനസ്സിലാകും എന്തുകൊണ്ടാണ് സുവിശേഷം ഇത്ര കർക്കശമായി ദ്രവ്യാഗ്രഹത്തെ ശപിക്കുന്നതെന്ന്: "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും ഒരേസമയം സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6:24).

**3. വചനം ഒരു ദാനമാണ്**

സമ്പന്നനെയും ലാസറിനെയും കുറിച്ചുള്ള സുവിശേഷം ഈസ്റ്ററിനായി നന്നായിട്ട് ഒരുങ്ങാൻ നമ്മെ സഹായിക്കുന്നു. വിഭൂതി ബുധനാഴ്ചയിലെ ലിറ്റർജി സമ്പന്നന്റേതിനോടു തികച്ചും സമാനമായ ഒരനുഭവത്തിലേക്കു നമ്മെ ക്ഷണിക്കുന്നുണ്ട്. വൈദികർ തലയിൽ ചാരം പുരട്ടുമ്പോൾ ഈ വാക്കുകൾ ആവർത്തിക്കുന്നു: "നീ പൊടിയാണെന്നും പൊടിയിലേക്കു പിന്തിരിയുമെന്നും ഓർക്കുക". സമ്പന്നനും ദരിദ്രനും മരിച്ചു. ആ ഉപമയിലെ വലിയ ഭാഗവും സംഭവിക്കുന്നത് മരണാനന്തരജീവിതത്തിലാണ്. രണ്ടു കഥാപാത്രങ്ങളും ഒരു വസ്തുത പെട്ടെന്ന് തിരിച്ചറിയുന്നു. "നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല" എന്നതാണ് ആ വസ്തുതത.

മരണാനന്തരജീവിതത്തിൽ എന്തു സംഭവിക്കുന്നുവെന്നും നമ്മൾ കാണുന്നു. സമ്പന്നൻ അവസാനം അബ്രാഹത്തോടു സംസാരിക്കുന്നു. അബ്രാഹത്തെ അയാൾ "പിതാവേ" എന്നു വിളിക്കുന്നു (ലൂക്കാ 16:24-27). താൻ ദൈവജനത്തിലെ അംഗമാണെന്ന് സൂചിപ്പിക്കാനാണത്. ഈ വിശദീകരണം അയാളുടെ ജീവിതത്തെ കൂടുതൽ വൈരുദ്ധ്യമുള്ളതാക്കുന്നു. കാരണം ആ നിമിഷംവരെ തനിക്ക് ദൈവത്തോടുള്ള ബന്ധം അയാൾ സൂചിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ അയാളുടെ ജീവിതത്തിൽ ദൈവത്തിന് സ്ഥാനമുണ്ടായിരുന്നില്ല. അയാളുടെ ഏകദൈവം അയാളായിരുന്നു.



മരണാനന്തര ജീവിതത്തിലെ പീഡനങ്ങൾക്കിടയിൽ മാത്രമാണ് ആ സമ്പന്നൻ ലാസറിനെ തിരിച്ചറിയുന്നത്. തന്റെ സഹനം കുറയ്ക്കാൻ ആ ദരിദ്രൻ ഒരു തുള്ളി വെള്ളം കൊടുക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. അയാൾക്ക് ചെയ്യാൻ കഴിയുമായിരുന്നതും എന്നാൽ ഒരിക്കലും ചെയ്യാതിരുന്നതുമായ ഒരു കാര്യത്തോടു സമാനമായ ഒരു കാര്യമാണ് ലാസറിനോട് അയാൾ ഇപ്പോൾ ആവശ്യപ്പെടുന്നത്. അബ്രാഹം സമ്പന്നനോടു പറയുന്നു: "മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (വാക്യം 25). സമ്പന്നൻ പറഞ്ഞ തടസ്സവാദങ്ങളെ എല്ലാം എതിർത്തുകൊണ്ട് അബ്രാഹം പറയുന്നു: "മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്ക് ബോധ്യമാകുകയില്ല" (വാക്യം 31).

അങ്ങനെ, സമ്പന്നന്റെ യഥാർത്ഥപ്രശ്നം വെളിവാകുന്നു. ദൈവവചനം കേൾക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് അയാളുടെ എല്ലാ കഷ്ടതകളുടെയും അടിസ്ഥാനം. ദൈവത്തിന്റെ വചനം കേൾക്കാത്തതിന്റെ ഫലമായി അയാൾ ദൈവത്തെ ഒട്ടും സ്നേഹിച്ചില്ല. അയൽക്കാരനെ കൂടുതൽ കൂടുതൽ പുഛിക്കുകയും ചെയ്തു. ദൈവവചനം സജീവവും സുശക്തവുമാണ്; ഹൃദയങ്ങളെ മാനസാന്തരപ്പെടുത്താനും അവയെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുചെല്ലാനും കഴിവുള്ളതാണ്. നമ്മൾ ദൈവവചനമാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുമ്പോൾ നമ്മുടെ സഹോദരീസഹോദരന്മാരാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുകയാണ്.

പ്രിയ സുഹൃത്തുക്കളേ, ക്രിസ്തുവായുമുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അവിടത്തെ വചനത്തിലും കൂദാശകളിലും നമ്മുടെ അയൽക്കാരിലും ജീവിച്ചുകൊണ്ട് അവിടുന്നുമായുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അനുകൂലമായ കാലമാണ് നോമ്പുകാലം. നാല്പതുദിവസത്തെ ഉപവാസകാലത്ത് പ്രലോഭകന്റെ വഞ്ച

നകളെ കീഴടക്കിയ കർത്താവ്, നമ്മൾ സഞ്ചരിക്കേണ്ട വഴി കാണി ച്ചുതരുന്നു.

മാനസാന്തരത്തിലേക്കുള്ള യഥാർത്ഥ യാത്രയിൽ പരിശുദ്ധാത്മാവ് നമ്മെ നയിക്കാൻ ഇടയാകട്ടെ. അങ്ങനെ ദൈവവചനമാകുന്ന ദാനം തിരിച്ചറിയാനും നമ്മെ കുരുടന്മാരാക്കുന്ന പാപത്തിൽ നിന്ന് വിശുദ്ധീകരിക്കപ്പെട്ടവരാകാനും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാരിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനും നമുക്കു കഴിയട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭാപരമായ സംഘടനകൾ നടത്തുന്ന നോമ്പുകാല ക്യാപെയ്നുകളിൽ പങ്കുചേർന്നുകൊണ്ടും അങ്ങനെ നമ്മുടെ ഏക മനുഷ്യകുടുംബത്തിൽ കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അനുകൂലിച്ചുകൊണ്ടും ഈ ആധ്യാത്മിക നവീകരണത്തോട് വിശ്വസ്തത കാണിക്കാൻ ഞാൻ എല്ലാ വിശ്വസികളെയും പ്രോത്സാഹിപ്പിക്കുന്നു. നമുക്ക് ഓരോരുത്തർക്കും പരസ്പരം പ്രാർത്ഥനാസഹായം നല്കാം. അങ്ങനെ ക്രിസ്തുവിന്റെ വിജയത്തിൽ പങ്കുചേർന്നുകൊണ്ട് ദുർബലർക്കും ദരിദ്രർക്കുമായി നമ്മുടെ വാതിലുകൾ തുറക്കാം. അപ്പോൾ ഈസ്റ്ററിന്റെ സന്തോഷം അനുഭവിക്കാനും അതിൽ പൂർണമായി പങ്കുചേരാനും നമുക്കു കഴിയും.

വത്തിക്കാനിൽ നിന്ന്, 18 ഒക്ടോബർ 2016

**ഫ്രാൻസിസ് മാർപാപ്പാ**





**P. L. No. 87**

# നോമ്പുകാലം നമ്മുടെ ജീവിതത്തിൽ

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ,

നോമ്പുകാലത്തേപ്പറ്റി ചിന്തിക്കുമ്പോൾ നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളാണ് പ്രഥമമായും നമ്മുടെ മനസ്സിലേക്ക് വരിക. ഈശോയുടെ പീഢാനുഭവം, മരണം, സംസ്കാരം, ഉത്ഥാനം എന്നീ മിശിഹാരഹസ്യങ്ങളുടെ ക്രൈസ്തവന്റെ ജീവിതത്തിലുള്ള അനുഭവമാണ് നോമ്പുകാലത്തിന് അടിസ്ഥാനമായി നില്ക്കുന്നത്. ക്രൈസ്തവർ മാമ്മോദീസായിലൂടെ ഈ അനുഭവങ്ങളിലാണ് പങ്കുചേരുന്നതെന്ന് വി. പൗലോസ്ശ്ലീഹാ തെസലോനിക്കായിലെ സഭയെ ഓർമ്മിപ്പിക്കുന്നു. മിശിഹാ പാപത്തിന് മരിച്ച് സംസ്കരിക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റതുപോലെ, ഓരോ ക്രൈസ്തവനും ജ്ഞാനസ്നാന ജീവിതം നയിക്കുമ്പോൾ അക്ഷരാർത്ഥത്തിൽ ഈ പെസഹാരഹസ്യങ്ങളിൽ ഭാഗഭാക്കാകാനാണ് നോമ്പുകാലം സഹായിക്കുന്നത്. നമ്മുടെ ജീവിതത്തിലെ പാപങ്ങൾക്കും, പാപാസക്തികൾക്കും മരിച്ച് മിശിഹായുടെ ഉയിർപ്പിൽ പങ്കുചേരുന്നതിന് നോമ്പുകാലം നമ്മെ സഹായിക്കണം. ഇതിന് നമ്മെ പ്രാപ്തരാക്കുന്ന മാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ടതാണ് ദൈവവചന പാരായണം. വി. പൗലോസിന്റെ ലേഖനങ്ങൾ ധ്യാനാത്മകമായും ശ്രദ്ധയോടും വായിച്ച് നമ്മൾ ഹൃദയപരിവർത്തനത്തിന് വിധേയരാകണം. നമ്മുടെ വിശുദ്ധീകരണമാണ് ദൈവഹിതമെന്ന് തെസലോനിക്കായിലെ സഭയെ വി. പൗലോസ് ഓർമ്മിപ്പിക്കുന്നു (1തെസ. 4:3). ദൈവത്തെ അറിയാത്ത വിജാതിയരെപ്പോലെ കാമാസക്തിയിൽ മുഴുകരുത്; വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നു.ദൈവം നിങ്ങളെ അശുദ്ധിയിലേക്കല്ല, വിശുദ്ധിയിലേക്കാണ് വിളിച്ചിരിക്കുന്നത്. തിന്മ ചെയ്യുന്നവൻ നിങ്ങൾക്ക് പരിശുദ്ധാത്മാവിനെ നല്കിയ ദൈവത്തിനെതിരായാണ് തിന്മ ചെയ്യുന്നത്. വിശുദ്ധ അഗസ്തീനോസ് ഇപ്രകാരം പഠിപ്പിക്കുന്നു: "ദൈവത്തെ അറിയാനുള്ള ഏകമാർഗ്ഗം പാപം ചെയ്യാതിരിക്കുകയും, ചെയ്ത പാപങ്ങൾ ഏറ്റുപറയുകയുമാണ്". നോമ്പുകാലത്ത് ഈ വചനങ്ങളോർത്ത് നമ്മുടെ ജീവിതങ്ങളെ ദൈവോന്മുഖമാക്കാം.

ഇതിന് നമ്മെ സഹായിക്കുന്ന വലിയ ശക്തിയാണ് പ്രാർത്ഥനാജീവിതം. ഞാൻ നിങ്ങളെ ഏല്പ്പിച്ച വചനം നിങ്ങളെ വിശുദ്ധീകരിക്കും എന്ന ഈശോയുടെ വാക്കുകൾ (യോഹ. 15:3) വ്യാഖ്യാനിച്ചുകൊണ്ട് വി. പൗലോസ് ഇപ്രകാരം പറയുന്നു: വചനത്താലും പ്രാർത്ഥനയാലും നിങ്ങൾ വിശുദ്ധീകരിക്കപ്പെടണം (1 തിമോ. 4:5). പ്രാർത്ഥന നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും കഴുകി വെടിപ്പാക്കുകയും ചെയ്യും. വചനം ഉരുവിട്ട് പ്രാർത്ഥിക്കുന്നത് നമ്മുടെ വിശുദ്ധീകരണത്തിന് ഏറ്റവും സഹായകരമാണ്. നമ്മുടെ പൂർവ്വികർ 'എന്റെ കർത്താവും എന്റെ ദൈവവും' എന്ന് (മാർ വാലാഹ്) കൂടെക്കൂടെ ഉരുവിട്ട് ജീവിച്ചിരുന്നു (യോഹ. 20:28). നോമ്പുകാലത്ത് കൂടെക്കൂടെ ദൈവസാന്നിദ്ധ്യം അനുസ്മരിക്കുക, ഈശോയെ അരൂപിയിൽ സ്വീകരിക്കുക എന്നിവ ക്രൈസ്തവന്റെ ജീവിതശൈലിയാകണം. ഈശോ പഠിപ്പിച്ച 'സ്വർഗ്ഗസ്ഥനായ പിതാവെ' എന്ന പ്രാർത്ഥന ഉരുവിടുന്നതും പ്രാർത്ഥനാജീവിതത്തിന് വളരെ സഹായകരമായിത്തീരും. ജപമാലയെത്തിക്കുകയും കർത്താവിന്റെ കുരിശിന്റെ പാതയിലൂടെ സഞ്ചരിക്കുകയും നമ്മുടെ നിത്യസുകൃതാഭ്യസനമാകണം. പീഢാനുഭവചിന്ത നമ്മുടെ മാനസാന്തരത്തിനും ഹൃദയപരിവർത്തനത്തിനും സഹയകരമാകും. പീഢാനുഭവചിന്തയുടെ ഫലമായി നമ്മിൽ ഉരുത്തിരിയേണ്ടതാണ് പശ്ചത്താപവും മാനസാന്തരവും. നമ്മുടെ പ്രാർത്ഥന നമുക്കു വേണ്ടി മാത്രമാകരുത്; അപരനുവേണ്ടിയും നാം പ്രാർത്ഥിക്കണം. നമ്മുടെ ശത്രുക്കളും, നമ്മെ ദ്രോഹിക്കുന്നവരും അപമാനിക്കുന്നവരും, പാപികളും നമ്മുടെ പ്രാർത്ഥനയുടെ വിഷയമായി മാറണം. മദ്ധ്യസ്ഥപ്രാർത്ഥന ക്രൈസ്തവന്റെ പ്രാർത്ഥനശൈലിയാണെന്ന് വി. പൗലോസിന്റെ ലേഖനങ്ങളിൽ നാം കാണുന്നു. രാത്രിയിലും പകലും ഇടവിടാതെ നിങ്ങൾ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുവിനെന്ന് വി. പൗലോസ് ആദിമസഭയെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

ദാനധർമ്മവും, പരിത്യാഗവും നോമ്പുകാലത്തിന്റെ പ്രായോഗിക വശങ്ങളാണ്. നമുക്കുള്ളതിനെ ദരിദ്രരും ഇല്ലാത്തവരുമായി പങ്കുവയ്ക്കണം. നമ്മുടെ ചുറ്റുപാടും ജീവിക്കുന്ന കഷ്ടത അനുഭവിക്കുന്ന ദരിദ്രലക്ഷങ്ങളുമായി നമുക്കുള്ളത് പങ്കുവച്ച് സഹായിക്കുന്നത് നോമ്പുകാലം ആവശ്യപ്പെടുന്ന പ്രവർത്തിയാണ്. ''ദാരിദ്ര്യം മൂലം നിന്റെ സഹോദരൻ മരിക്കുന്നെങ്കിൽ നീ അവന്റെ കൊലപാതകിയാണ്'' - വി. അംബ്രോസ് പഠിപ്പിക്കുന്നു. നമ്മുടെ സഹോദരങ്ങളാരെങ്കിലും ജലക്ഷാമംമൂലം കഷ്ടപ്പെടുന്നെങ്കിൽ ധൂർത്തവസാനിപ്പിച്ച് ദാഹിക്കുന്നവന് വെള്ളം കൊടുത്ത് സ്വർഗ്ഗം നേടുവാനുള്ള അവസരം ഈ വർഷം പ്രത്യേകം നമുക്കൊരുക്കുന്നു (മത്താ. 25:35-40).

നോമ്പുകാലത്തിൽ നമ്മുടെ ജീവിതത്തിലെ താളം തെറ്റിയ മേഖലകളെ ദൈവീക പദ്ധതിക്കനുസരിച്ച് ക്രമപ്പെടുത്തുവാൻ ഉപകരിക്കുന്ന മാധ്യമമാണ് വിശ്വാസത്തിലുള്ള വളർച്ച. കർത്താവിലുള്ള വർദ്ധിച്ച വിശ്വാസമാണ് പൈശാചിക ശക്തിയുടെ നമ്മിലുള്ള ആധിപത്യത്തെ ദൂരെയകറ്റുന്നത്. അതുകൊണ്ട്, 'കർത്താവേ, ഞങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കണമേ' യെന്ന് നമുക്ക് ഈ നോമ്പുകാലത്ത് പ്രാർത്ഥിക്കാം. നമ്മിലെ ക്രമരഹിതമായ ജീവിതശൈലികളേയും, പാപപ്രവർത്തികളേയും ജയിച്ചടക്കുവാനുള്ള ഏറ്റവും ശക്തമായ ഉപകരണങ്ങളാണ് ഉപവാസവും, പ്രാർത്ഥനയും (മത്താ. 17:21). ഉപവാസത്തിന്റേയും പരിത്യാഗത്തിന്റേയും ജീവിതം നമ്മുടെ അനിയന്ത്രിതമായ കോപം, അസൂയ, അഹങ്കാരം, ക്രമാതീതമായ ദുഖം എന്നീ തിന്മകളിൽനിന്നും നമ്മെ മോചിപ്പിക്കുന്നു (1സാമു. 1:7, 1രാജ. 21:4). സഭാപിതാക്കന്മാരായ വി. അപ്രേം, വി. അഫ്രാറ്റസ്, വി. ക്രിസോസ്തോം, വി. അത്തനേഷ്യസ് തുടങ്ങിയവരുടെ അഭിപ്രായത്തിൽ ഉപ്പ് മാംസത്തെ അഴുകാതെ സൂക്ഷിക്കുന്നതുപോലെ, ഉപവാസം ഹൃദയപരിശുദ്ധിക്കും, ശരീരത്തിന്റേയും ആത്മാവിന്റേയും പരിശുദ്ധിക്കും സഹായിക്കുന്നു. ഈ നോമ്പുകാലത്ത് ഉപവാസത്തിനും, ഉപവസിച്ചുള്ള പ്രാർത്ഥനയ്ക്കും നമുക്ക് പ്രത്യേക പ്രാധാന്യം നൽകാം. ഭക്ഷണം വർജിക്കുന്നതിൽ മാത്രമല്ല ഉപവാസം അടങ്ങിയിരിക്കുന്നത്, മറിച്ച് അതുമൂലം നമുക്കുണ്ടാകുന്ന മിച്ചം ദരിദ്രരെ സഹായിക്കാനും, ദാനധർമ്മത്തിനുമായി മാറ്റിവയ്ക്കണം. അപ്പോഴാണ് ഉപവാസം പൂർണ്ണമാകുന്നത്. ആഴ്ചയിൽ ഒരിക്കൽ ഉപവസിക്കുന്ന നമ്മുടെ പതിവ് സ്വാഗതാർഹമാണ്. അതുവഴി നമ്മിലെ ധനാസക്തി, മദ്യാസക്തി, ജഢികാസക്തി, സുഖഭോഗങ്ങളോടുള്ള അമിത

താത്പര്യം എന്നിവയെല്ലാം ദൂരെയകറ്റപ്പെടും. ഈ നോമ്പുകാലം അതിന് നമ്മളെ സഹായിക്കട്ടെ. ദാനധർമ്മത്തിൽ കൂടുതൽ ഉത്സുകരാകാം.

പ്രാർത്ഥനാജീവിതത്തിനും താപസജീവിതത്തിനും ഏകാന്തത ഏറ്റവും ആവശ്യമാണ്. ഈശോ ജ്ഞാനസ്നാനത്തിനുശേഷം മരുഭൂമിയിൽ നാല്പ്പത് ദിനരാത്രങ്ങൾ പ്രാർത്ഥനയിലും ഉപവാസത്തിലും ചെലവഴിച്ചത് പ്രാർത്ഥനാജീവിതത്തിന് ഉത്തമ ഉദാഹരണമാണ്. മരുഭൂമി, ഏകാന്തതയ്ക്കും ദൈവീകസ്വരം ശ്രവിക്കുന്നതിനുമുള്ള ഇടമാണ്. ആദിമസഭയിൽ നിരന്തരം പ്രാർത്ഥനയിൽ വളരുവാൻ വിശ്വാസികൾ വനാന്തരങ്ങളിലേക്കും, മരുഭൂമിയിലേക്കും പോകുമായിരുന്നു. അത് അവരെ ദൈവവുമായി അഭേദ്യമായ ബന്ധത്തിന് സഹായിച്ചിരുന്നു. മാധ്യമങ്ങളുടേയും, ആധുനിക ലോകത്തിന്റെ ശബ്ദോന്മുഖമായ ജീവിതശൈലിയുടേയും നീരാളിപ്പിടുത്തത്തിൽ നിന്നും നോമ്പുകാലം നമ്മെ വിമുക്തമാക്കട്ടെ. ഇടവിടാതെ പ്രാർത്ഥിക്കാനും (1തെസ. 5:17-18, എഫേ. 6:18, കൊളോ. 4:2), പ്രാർത്ഥനയിലൂടെ ദൈവതിരുമനസ്സ് അറിയുവാനും, ദൈവഹിതമനുസരിച്ച് പ്രവർത്തിക്കാനും നോമ്പുകാലം നമ്മെ ശക്തരാക്കട്ടെ. ടെലിവിഷൻ, മൊബൈൽഫോൺ, ഇന്റർനെറ്റ്, ഫേസ്ബുക്ക്, വാട്സാപ്പ് തുടങ്ങിയവ ഏകാന്തതയിൽനിന്നും ദൈവോന്മുഖമായി ചരിക്കുന്നതിൽ നിന്നും നമ്മെയും നമ്മുടെ കുടുംബങ്ങളെയും, പ്രത്യേകിച്ച് കുട്ടികളേയും അകറ്റുന്നവയാണ്. മാധ്യമങ്ങളുടെ ഉപയോഗം പ്രത്യേകിച്ച് ടിവിയും, മൊബൈലും നോമ്പുകാലത്ത് നിയന്ത്രിക്കുക എന്നത് നല്ല ഒരു പരിത്യാഗമായിരിക്കും; നമ്മുടെ ഹൃദയങ്ങളിൽ സംസാരിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരം ശ്രവിക്കാൻ അത് ഉപകരിക്കും.

പരമ്പരാഗതമായ നമ്മുടെ കുടുംബങ്ങളിലെ ആദ്ധ്യാത്മികാനുഷ്ഠാനങ്ങളോട് നൂറ് ശതമാനം വിശ്വസ്തത പുലർത്തുക. പ്രഭാതത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുക; രാവിലേയും വൈകുന്നേരങ്ങളിലുമുള്ള കുടുംബപ്രാർത്ഥനയിൽ നിഷ്ഠ പുലർത്തുക; സന്ധ്യാപ്രാർത്ഥനയിൽ മാതാപിതാക്കളും മക്കളും സജീവമായി പങ്കെടുക്കുക; എന്നിവയ്ക്ക് ഈ നോമ്പുകാലത്ത് പ്രത്യേക പ്രാധാന്യം നൽകണം. നോമ്പാചരണം മക്കളെ മാതാപിതാക്കൾ പരിശീലിപ്പി



ക്കണം. കർത്താവിന് സാക്ഷ്യം വഹിക്കാനുള്ള നല്ല അവസരങ്ങളാണ് നമ്മുടെ പൂർവ്വികർ ഇതിലൂടെയൊക്കെ നമ്മെ പഠിപ്പിച്ചിരിക്കുന്നത്. നഷ്ടപ്പെട്ടുപോയ നമ്മുടെ നല്ല പതിവുകളും പാരമ്പര്യങ്ങളും തിരിച്ചെടുക്കുവാനും, അലസതയിൽ നിന്നും ഉദാസീനതയിൽനിന്നും മോചനം പ്രാപിക്കാനും, സുകൃതാഭ്യസനത്തിൽ വളരാനും എല്ലാവർക്കും ഇടയാകട്ടെ. ഇവയെല്ലാം അനുഷ്ഠിച്ച് ജീവിക്കുമ്പോൾ മിശിഹായെപ്പോലെ നമ്മുടെ പാപമാകുന്ന കല്ലറകളിൽനിന്ന് സുകൃതഭ്യാസനം നിറഞ്ഞ ഉത്ഥാനത്തിന്റെ പുതുജീവിതത്തിലേക്ക് നമുക്കും ഉയിർത്തെഴുന്നേല്ക്കുവാൻ സാധിക്കും.

ഉയിർപ്പുത്തിരുനാളിനുള്ള ഒരുക്കമായിട്ടാണ് നോമ്പാചരണം നടത്തുന്നത്. വി. ഇറാനിമൂസും, മഹാനായ വി. ലെയോ മാർപാപ്പയും സാക്ഷ്യപ്പെടുത്തുന്നത് ശ്ലീഹന്മാരുടെ കാലംമുതൽ നോമ്പാചരണം ഉണ്ടായിരുന്നുവെന്നാണ്. നോമ്പാചരണത്തെ പരിത്യാഗംവഴി ദൈവത്തിങ്കലേക്കടുക്കുവാനുള്ള സമയമായി എല്ലാ മതവിശ്വാസികളും കരുതിയിരുന്നു. ബാഹ്യമായ ത്യാഗപ്രവർത്തികളേക്കാൾ ആന്തരീകമായ ത്യാഗപ്രവർത്തികൾക്ക് പ്രാധാന്യം നല്കണം. തന്റെ കുരിശുമെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവൻ എനിക്ക് യോഗ്യനല്ല എന്നാണല്ലോ കർത്താവ് പറയുന്നത് (മത്താ. 10:38). ആയുസ്സിലേക്കുള്ള വാതിൽ ഇടുങ്ങിയതും വഴി ദുർഘടവുമാണെന്ന (മത്താ. 7:13-14) ഈശോയുടെ പ്രബോധനം ഉൾക്കൊണ്ടുവേണം നോമ്പുകാലപ്രവർത്തികളിൽ വ്യാപൃതരാകുവാൻ. ഈ പ്രബോധനത്തെ വിശ്വസ്തതയോടെ പാലിക്കുവാനിടയാകട്ടെ എന്നാശംസിച്ചുകൊണ്ടും ഒരു നല്ല ഫലദായകമായ നോമ്പുകാലം നേർന്നുകൊണ്ടും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളേവരേയും ആശീർവദിക്കുന്നു.

എന്ന്,

+മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപത മെത്രാൻ

(ഈ ഇടയലേഖനം മാർച്ച്മാസം 12-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്)

# മാർച്ച് 4 – ഫാ. ടോം ഉഴുന്നാലിൽ എസ്.ഡി.ബി. ബന്ദിയാക്കപ്പെട്ട തിന്റെ വാർഷിക ദിനാചരണം

യേശുവിൽ സഹോദരീസഹോദരന്മാരേ,

ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, പ്രത്യേകിച്ചും മധ്യ പൂർവരാജ്യങ്ങളിൽ, ക്രൈസ്തവ സഹോദരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായും ആഗോളസഭയും നാൾക്കുനാൾ വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളിൽ വളരെയധികം ഉത്ക്കണ്ഠാകുലരാണ്. യുദ്ധവും കലഹവും മൂർധന്യാവസ്ഥയിൽ എത്തിനില്ക്കുന്ന സിറിയ, യെമൻ മുതലായ രാജ്യങ്ങളിൽ ഏറ്റവുമധികം നിഷ്ഠൂരമായി കൊലയ്ക്കും മൃഗീയമായ പീഡനങ്ങൾക്കും ഇരകളായിക്കൊണ്ടിരിക്കുന്നത് ആ രാജ്യങ്ങളിലെ ക്രൈസ്തവ സഹോദരങ്ങളാണ്.

ലോകമനസ്സാക്ഷിയെയും അതിലുപരിയായി, ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തെയും അതിയായി നടുക്കിയ ദാരുണ സംഭവമാണല്ലോ യെമൻ എന്ന രാജ്യത്തെ ഏദനിൽ മദർ തെരേസ സഹോദരികൾ നടത്തിവന്നിരുന്ന അഗതി മന്ദിരത്തിൽ ഭീകരർ നടത്തിയ ആക്രമണം. രണ്ടായിരത്തിപതിനാറ് മാർച്ച് 4-ാം തീയതി ഇന്ത്യൻ സമയം രാവിലെ 8.45-ന് നടത്തിയ ഭീകരാക്രമണത്തിന് ഇരയായത് നാലു മദർ തെരേസ സഹോദരികളും അവരുടെ 12 ജോലിക്കാരുമാണ്. ഏദനിലെ പള്ളി വികാരിയും സിസ്റ്റേഴ്സിന്റെയും പ്രവാസി കത്തോലിക്കരുടെയും ആത്മീയ പിതാവുമായ സലേഷ്യൻ വൈദികൻ ഫാ. ടോം ഉഴുന്നാലിൽ അച്ചനെ പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രാർത്ഥിച്ചുകൊണ്ടിരിക്കേ സിസ്റ്റേഴ്സിന്റെ ചാപ്പലിൽനിന്ന് തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുകയും ചെയ്തു.



യെമനിലെ സഭകളുടെ ചുമതലയുള്ള അബുദാബി ബിഷപ്പ് അഭിവന്ദ്യ പോൾ ഹിൻഡർ പിതാവ് ഈ സംഭവം നടന്ന ഉടൻതന്നെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായെ അറിയിക്കുകയും പരിശുദ്ധ പിതാവ് നൂൺഷ്യോവഴി യു എ ഇ ഗവണ്മേന്റിനോട് ഭീകരാക്രമണത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സിസ്റ്റർ സാലിയെ അവിടെ നിന്ന് രക്ഷപ്പെടുത്താനും ടോമച്ചന്റെ മോചനത്തിനായുമുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുയുണ്ടായി. അതിൻപ്രകാരം സിസ്റ്റർ സാലിയെ സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടുത്തി സുരക്ഷിത സ്ഥലത്ത് എത്തിക്കുകയും, തുടർന്ന് അവരുടെ ജോർദ്ദനിലെ കോൺവെന്റിലേക്ക് മാറ്റുകയും ചെയ്തു.

ടോമച്ചന്റെ മോചനത്തിനായി പ്രാർത്ഥനകളും മറ്റെല്ലാ ശ്രമങ്ങളും വിവിധ തലങ്ങളിൽ ഗവണ്മേന്റും സഭയും നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. എങ്കിലും ഇതുവരെയും അദ്ദേഹത്തെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന വിവരങ്ങൾക്കുപരിയായി വ്യക്തമായ ഒരു ധാരണയും ഇല്ലായെന്നത് ഏറെ വേദനാജനകമാണ്. അദ്ദേഹത്തിന്റെ മോചനത്തിനായി ഇന്ത്യൻ ഗവണ്മേന്റും യു എ ഇ ഗവണ്മേന്റും വത്തിക്കാനും ഭാരതസഭയും സലേഷ്യൻ കോൺഗ്രിഗേഷനും കൂട്ടായ ശ്രമങ്ങൾ നടത്തിവരികയാണ്. സിബിസിഐയുടെ നേതൃത്വത്തിൽ ഇന്ത്യൻ സഭാസമൂഹവും ടോമച്ചൻ അംഗമായുള്ള സലേഷ്യൻ സഭയുടെ ബാംഗ്ലൂർ പ്രോവിൻസും ഗവണ്മേന്റുമായി നിരന്തരം ബന്ധപ്പെട്ട് പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി നിരന്തരമായ കൂടിക്കാഴ്ചകൾ നടത്തി എത്രയും വേഗം അച്ചന്റെ മോചനം ഉറപ്പാക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നതായി അവർ ഉറപ്പ് നല്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ വരുന്ന മാർച്ച് മാസം 4-ാം തീയതി ടോമച്ചൻ ബന്ദിയാക്കപ്പെട്ടിട്ട് ഒരുവർഷം തികയുകയാണ്. നമ്മുടെ ഭാഗത്തു നിന്ന് അച്ചന്റെ മോചനത്തിനായി എല്ലാ ശ്രമങ്ങളും ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിനാൽ മാർച്ച് 4-ാംതീയതി ഏറ്റവും ഉചിതമായി അനുസ്മരിക്കുവാനായി കേരള കത്തോലിക്കാസഭ എടുത്ത തീരുമാനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

കേരള ക്രൈസ്തവ സഭയുടെ നേതൃത്വത്തിൽ മാർച്ച് 4-ന് വൈകുന്നേരം 5 മണിക്ക് എറണാകുളം ടൗൺ ഹാളിൽ വച്ച് പ്രാർത്ഥനാസമ്മേളനവും അനുസ്മരണ കൂട്ടായ്മയും നടത്താൻ തീരുമാനിച്ചിരിക്കുന്നു. അന്നേദിവസം എല്ലാ ഇടവകകളിലും ടോം അച്ചന്റെ മോചനത്തിനായി പ്രാർത്ഥനാശുശ്രൂഷ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എറണാകുളം ടൗൺ ഹാളിൽ സംഘടിപ്പിക്കുന്ന പ്രാർത്ഥനയിലും യോഗത്തിലും വൈദികരും സന്ന്യസ്തരും, വിശ്വാസികളും, പ്രത്യേകിച്ച് അടുത്ത പ്രദേശങ്ങളിൽ നിന്നുമുള്ളവർ, പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

NB: 2017 മാർച്ച് 4-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയാ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.





# രൂപതക്കച്ചേരി

**C. 14/17 ആണ്ട് തിരട്ട്**

മാർച്ച് 31-ന് സാമ്പത്തികവർഷം അവസാനിക്കുന്നു. ഈ വർഷത്തെ കണക്കുകൾ 2017 മാർച്ച് മാസത്തിൽ പൂർത്തിയാക്കി മെയ് 30-ാം തീയതിക്കകം രൂപതാ കച്ചേരിയിൽ ഏൽപ്പിക്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം രൂപതാ കച്ചേരിയിൽ സൂക്ഷിക്കുന്നതിനായി മാമ്മോദീസാ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളുടെ പകർപ്പുകൾ നിശ്ചിതഫോറത്തിൽ രേഖപ്പെടുത്തി കച്ചേരിയിൽ ഏൽപ്പിക്കുമല്ലോ. വൈദികക്ഷേമ സമിതിയിലേയ്ക്കുള്ള 13-ാം മാസ ശമ്പളം 10000 രൂപയും, ഡിറക്ടറി, സഹ്യനാദം എന്നിവയുടെ വാർഷിക വരിസംഖ്യ 300 രൂപയും ആണെന്ന കാര്യം ശ്രദ്ധിക്കുമല്ലോ.

*Bishop*

**C. 15/17 Monthly Recollection for Priests**

ജനുവരി മാസത്തെ പഠനവിഷയം: യുകാറ്റ് (YOUCAT) നമ്പർ 30 മുതൽ 32 ഉൾപ്പെടെ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

**C. 16/17 നിയമാവലി ഭേദഗതി**

ഇടുക്കി രൂപതാ നിയമാവലിയിൽ 8-ാം അദ്ധ്യായത്തിൽ 7.6 (562) -ൽ പറഞ്ഞിരിക്കുന്ന വിവാഹക്കാഴ്ചയുടെ അഥവാ പതവാരത്തിന്റെ 10% ദൈവാലയശുശ്രൂഷിക്ക് നൽകണമെന്നുള്ള നിയമം ഇനിമുതൽ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ല.

*Bishop*



ഇന്ത്യയിലെയും നേപ്പാളിലെയും പുതിയ
അപ്പസ്തോലിക് നുൺഷ്യോ
ആയി നിയമിതനായിരിക്കുന്ന
ആർച്ച് ബിഷപ്പ്
ജ്യംബാത്തിസ്ത ദിക്വാത്രോയ്ക്ക്
ഇടുക്കി രൂപതയുടെ

**ആശംസകൾ**



# അവാർഡ് ജേതാക്കൾക്ക് അഭിനന്ദനങ്ങൾ



ഫാ. ജയിംസ് പാലയ്ക്കാമറ്റം



ശ്രീ. കുര്യൻ T.K.



ശ്രീ. ടോമി മൈക്കിൾ



ശ്രീമതി റോസമ്മ വി.എം.



ശ്രീ. ജോസ് ജോൺ

## C. 17/17 ഇടുക്കി രൂപതയിലെ ഇടവകകളിൽ ദൈവാലയ ശുശ്രൂഷികളായി സേവനം ചെയ്യുന്നവരുടെ പരിഷ്കരിച്ച വേതനം

ഇടുക്കി രൂപതയിലെ ഇടവകകളിൽ ദൈവാലയശുശ്രൂഷികളായി സേവനം ചെയ്യുന്നവരുടെ വേതനം അതിനായി നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും, 07-02-2017 ൽ സമ്മേളിച്ച രൂപതാ ഉപദേശകസമിതിയുടെ ശിപാർശയനുസരിച്ചും ചുവടെ കൊടുത്തിരിക്കുന്നപ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

**250 -ൽ താഴെ ഭവനങ്ങളുള്ള ഇടവകകളിൽ**

| | |
|---|---|
| അടിസ്ഥാന ശമ്പളം | = 6500 |
| അലവൻസ് 20% | = 1300 |
| പ്രോവിഡന്റ് ഫണ്ട് 10% | = 650 |
| **ആകെ** | **= 8450** |

**250-മുതൽ 500-വരെ ഭവനങ്ങളുള്ള ഇടവകകളിൽ**

| | |
|---|---|
| അടിസ്ഥാന ശമ്പളം | = 7000 |
| അലവൻസ് 20% | = 1400 |
| പ്രോവിഡന്റ് ഫണ്ട് 10% | = 700 |
| **ആകെ** | **= 9100** |

**500-നു മുകളിൽ ഭവനങ്ങളുള്ള ഇടവകകളിൽ**

| | |
|---|---|
| അടിസ്ഥാന ശമ്പളം | = 8000 |
| അലവൻസ് 20% | = 1600 |
| പ്രോവിഡന്റ് ഫണ്ട് 10% | = 800 |
| **ആകെ** | **= 10400** |

**ഇൻക്രിമെന്റ്:** ഓരോ വർഷവും 200 രൂപാ പ്രകാരം ഇൻക്രിമെന്റ് നൽകുക. അടിസ്ഥാന ശമ്പളത്തോട് ഇൻക്രിമെന്റ് കൂട്ടുന്ന തുകയാണ് തുടർന്നുണ്ടാകുന്ന അടിസ്ഥാന ശമ്പളം.

**വെയ്റ്റേജ്:** വർഷങ്ങളായി സേവനം ചെയ്തുകൊണ്ടിരിക്കുന്ന ദൈവാലയ ശുശ്രൂഷികൾക്ക് അവർ ചെയ്ത സേവനത്തിന് അംഗീ



കാരമായി വെയ്റ്റേജ് നല്കണം. 2017 ഏപ്രിൽ 1 -ന് പൂർത്തിയാക്കുന്ന വർഷങ്ങൾ എണ്ണിയാണ് വെയ്റ്റേജ് നിശ്ചയിക്കുന്നത്.

| | |
|---|---|
| മൂന്ന് വർഷം പൂർത്തിയാക്കുന്നവർക്ക് | - അതാതു വിഭാഗത്തിലെ ഒരു ഇൻക്രി മെന്റിന് തുല്യമായ തുക. |
| ആറ് വർഷം പൂർത്തിയാക്കുന്നവർക്ക് | - അതാതു വിഭാഗത്തിലെ രണ്ട് ഇൻക്രിമെന്റിന് തുല്യമായ തുക. |
| പത്ത് വർഷം പൂർത്തിയാക്കുന്നവർക്ക് | - അതാതു വിഭാഗത്തിലെ മൂന്ന് ഇൻക്രിമെന്റിന് തുല്യമായ തുക. |
| പതിനഞ്ച് വർഷം പൂർത്തിയാക്കുന്നവർക്ക് | - അതാതു വിഭാഗത്തിലെ നാല് ഇൻക്രിമെന്റിന് തുല്യമായ തുക. |
| ഇരുപത് വർഷം പൂർത്തിയാക്കുന്നവർക്ക് | - അതാതു വിഭാഗത്തിലെ അഞ്ച് ഇൻക്രിമെന്റിന് തുല്യമായ തുക. |
| മുപ്പതും അതിൽ കൂടുതലും വർഷങ്ങൾ പൂർത്തിയാക്കുന്നവർക്ക് | - അതാതു വിഭാഗത്തിലെ ആറ് ഇൻക്രിമെന്റിന് തുല്യമായ തുക. |

അടിസ്ഥാന ശമ്പളത്തോട് വെയ്റ്റേജ് കൂട്ടുന്ന തുകയാണ് തുടർന്നുണ്ടാകുന്ന അടിസ്ഥാന ശമ്പളം. ഉദാ: 250-മുതൽ 500-വരെ ഭവനങ്ങളുള്ള ഒരു ഇടവകയിൽ 29 വർഷം സേവനം പൂർത്തിയാക്കുന്ന ദൈവാലയ ശുശ്രൂഷിക്ക്:

| | |
|---|---|
| അടിസ്ഥാന ശമ്പളം | - 7000.00 |
| വെയ്റ്റേജ് (5 X 200) | - 1000.00 |
| ഈ വ്യക്തിയ്ക്ക് തുടർന്നുള്ള അടിസ്ഥാന ശമ്പളം | - 8000.00 |

| | |
|---|---|
| അലവൻസ്20% | - 1600.00 |
| പ്രോവിഡന്റ് ഫണ്ട് | |
| (പള്ളിയിൽ നിന്ന്) 10% | - 800.00 |
| **ആകെ** | **- 10400.00** |

**പ്രോവിഡന്റ് ഫണ്ട്**: പള്ളിയിൽനിന്നുള്ള പത്തുശതമാനത്തോടൊപ്പം ദൈവാലയ ശുശ്രൂഷിയുടെ ശമ്പളത്തിൽനിന്നും പത്തുശതമാനവുംകൂടി എടുത്ത് പ്രോവിഡന്റ് ഫണ്ടിനായുള്ള ബാങ്ക് അക്കൗണ്ടിൽ മാസംതോറും കൃത്യമായി നിക്ഷേപിക്കേണ്ടതാണ്.

ഗ്രാറ്റുവിറ്റി: സേവന വർഷങ്ങളുടെ എണ്ണത്തെ പിരിഞ്ഞു പോകുന്ന സമയത്തെ അടിസ്ഥാന ശമ്പളത്തിന്റെ പകുതികൊണ്ട് ഗുണിച്ചാണ് ഗ്രാറ്റുവിറ്റി കണക്കാക്കുന്നത്.

വിവാഹക്കാഴ്ചയുടെ അഥവാ പതവാരത്തിന്റെ 10% ദൈവാലയശുശ്രൂഷിക്ക് നൽകണമെന്നുള്ള നിയമം ഇനിമുതൽ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ല.വൈദികൻ സ്ഥിരതാമസമില്ലാത്ത പള്ളികളിൽ ഇരുനൂറു രൂപാവീതം വി. കുർബാനയുള്ള ദിവസങ്ങളിൽ ദൈവാലയ ശുശ്രൂഷിക്ക് നൽകണം. പുതുക്കിയ വേതനനിരക്ക് 2017 ഏപ്രിൽമാസം 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതായിരിക്കും.

*Bishop*

## C. 18/17 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോസ് ചെമ്മരപ്പള്ളിൽ | മാർച്ച് 19 |
| റവ. ഫാ. ജോസ് ചിറ്റടിയിൽ | ” |
| റവ. ഫാ. ജോസഫ് കൈപ്പൻപ്ലാക്കൽ | ” |
| റവ. ഫാ. ജോസ് കരിവേലിക്കൽ | ” |
| റവ. ഫാ. ജോസഫ് കാവുങ്കൽ | ” |
| റവ. ഫാ. ജോസ് കളപ്പുര | ” |
| റവ. ഫാ. ജോസഫ് കട്ടക്കയം | ” |
| റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ | ” |
| റവ. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് കൊല്ലക്കൊമ്പിൽ | ” |





| | |
|---|---|
| റവ. ഫാ. ജോസഫ് കുമരകത്തുകാലായിൽ | ” |
| റവ. ഫാ. ജോസ് കുന്നുംപുറം | ” |
| റവ. ഫാ. ജോസ് മാറാട്ടിൽ | ” |
| റവ. ഫാ. ജോസ് നരിതൂക്കിൽ | ” |
| റവ. ഫാ. ജോസഫ് പാലത്തിങ്കൽ | ” |
| റവ. ഫാ. ജോസഫ് പാപ്പാടി | ” |
| റവ. ഫാ. ജോസഫ് പാറയ്ക്കൽ | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Sr) | ” |
| റവ. ഫാ. ജോസഫ് പാറക്കടവിൽ (Jr) | ” |
| റവ. ഫാ. ജോസഫ് പൈമ്പള്ളിൽ | ” |
| റവ. ഫാ. ജോസ് പ്ലാച്ചിക്കൽ | ” |
| റവ. ഫാ. ജോസഫ് പൂവത്തിങ്കൽ (Sr) | ” |
| റവ. ഫാ. ജോസഫ് പൂവത്തിങ്കൽ (Jr) | ” |
| റവ. ഫാ. ജോസഫ് പുൽപ്പറമ്പിൽ | ” |
| റവ. ഫാ. ജോസഫ് തച്ചുകുന്നേൽ | ” |
| റവ. ഫാ. ജോസഫ് തേനമ്മാക്കൽ | ” |
| റവ. ഫാ. ജോസഫ് വാഴയിൽ | ” |
| റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ | ” |
| റവ. ഫാ. ജോസഫ് മാവേലിക്കുന്നേൽ | ” |
| റവ. ഫാ. ജോസഫ് പൗവ്വത്ത് | ” |
| റവ. ഫാ. ജോസഫ് വടകര | ” |
| റവ. ഫാ. ജോസഫ് മേനംമൂട്ടിൽ | ” |
| റവ. ഫാ. ജോസഫ് പൊരിമറ്റത്തിൽ | ” |
| റവ. ഫാ. ജോസഫ് കാരിക്കൂട്ടത്തിൽ | ” |
| റവ. ഫാ. ജോസഫ് കോയിക്കൽ | ” |
| റവ. ഫാ. ജോസഫ് നടുപ്പടവിൽ | ” |
| റവ. ഫാ. ജോസഫ് തൊട്ടിയിൽ | ” |
| റവ. ഫാ. ജോസഫ് പാലക്കുടിയിൽ | ” |
| റവ. ഫാ. ജോസഫ് തെങ്ങുംതോട്ടത്തിൽ | ” |
| റവ. ഫാ. ജോസഫ് ചുനയംമാക്കൽ | ” |
| റവ. ഫാ. ജോസഫ് തോമസ് കുഴിയംപ്ലാവിൽ | ” |
| റവ. ഫാ. ജോസഫ് അഴിമുഖത്ത് | ” |

റവ. ഫാ. ജോസഫ് പുതിയാപറമ്പിൽ ”
റവ. ഫാ. ജോസഫ് അക്കുറ്റ് ”
റവ. ഫാ. ജോസഫ് വെട്ടിക്കൽ ”
റവ. ഫാ. ജോസഫ് മാതാളിക്കുന്നേൽ ”
റവ. ഫാ. ജോസഫ് വെട്ടുകല്ലേൽ ”
റവ. ഫാ. ജോസഫ് കൊച്ചോഴത്തിൽ ”

## മൈനർ സെമിനാരി

**MS. 1/17 ദൈവവിളി ക്യാമ്പ്**

2017-2018 അദ്ധ്യയനവർഷത്തേക്കുള്ള പുതിയ കുട്ടികളെ തെരഞ്ഞെടുക്കുന്നതിന് ഒരുക്കമായി ഈ വർഷം 10-12 ക്ലാസ്സുകളിൽ പരീക്ഷയെഴുതുന്നവരും ഡിഗ്രി പഠനം പൂർത്തിയാക്കിയവരുമായ ആൺകുട്ടികൾക്കു വേണ്ടി നമ്മുടെ മൈനർ സെമിനാരിയിൽ വച്ച് ഒരു ദൈവവിളി ക്യമ്പ് നടത്തുകയാണ്. 2017 മാർച്ച് 30 വ്യാഴാഴ്ച വൈകിട്ട് 4 മണിക്ക് ആരംഭിച്ച് ഏപ്രിൽ 01 ശനിയാഴ്ച രാവിലെ 10 മണിക്ക് അവസാനിക്കുന്ന ഈ ക്യാമ്പിലേക്ക് സൽസ്വഭാവികളും, പഠന പാഠ്യേതരവിഷയങ്ങളിൽ മികവ് പുലർത്തുന്നവരും വൈദീക ജീവിതത്തോട് ആഭിമുഖ്യമുള്ളവരുമായ നല്ല കുട്ടികളെ പറഞ്ഞയക്കാൻ ബഹു. വികാരിയച്ചൻമാർ ഉത്സാഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ മൈനർ സെമിനാരിയിൽ പ്രവേശനം ലഭിക്കുന്നതിന് നിർബന്ധമായും ഈ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ്.

റെക്ടർ

**MS. 2/17 ക്രിസ്റ്റീൻ ധ്യാനം**

**"കൗദാശിക ജീവിതത്തിലൂടെ ക്രിസ്തുവിലേക്ക്"**

5-12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇടുക്കി രൂപതാ ദൈവശാസ്ത്ര വൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ഇടവകകളിൽ ത്രിദിനധ്യാനം സംഘടിപ്പിക്കുന്നു.



എല്ലാ ബഹുമാനപ്പെട്ട അച്ചന്മാരുടെയും സ്നേഹപൂർവ്വമായ സഹകരണം പ്രതീക്ഷിക്കുന്നു. ധ്യാനം നടത്തുവാൻ താല്പര്യമുള്ളവർ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

റവ. ഫാ. ജെയിംസ് മാക്കിയിൽ - 9526496747
ബ്ര. തോമസ് മേനാംതുണ്ടത്തിൽ - 9846862253

**MS. 3/17 മ്ശംമ്ശാന, ഹെവ്പ്പദ്യാക്കോന, കാറോയ പട്ടങ്ങളുടെ സ്വീകരണം**

മാർച്ച് 18-ാം തീയതി രാവിലെ 9.30-ന് ഇടുക്കി രൂപതാ കത്തീഡ്രൽ ദൈവാലയത്തിൽ ദൈവശാസ്ത്ര വിദ്യാർത്ഥികൾ മ്ശംമ്ശാന, ഹെവ്പ്പദ്യാക്കോന, കാറോയ പട്ടങ്ങൾ സ്വീകരിക്കുന്നു. ഈ വൈദികവിദ്യാർത്ഥികളെ നമ്മുടെ പ്രാർത്ഥനയിൽ അനുസ്മരിക്കാം.

## ക്രിസ്തുജ്യോതി

**CJ. 14/17 മതാദ്ധ്യാപകർക്കുള്ള അവാർഡ്**

മതാദ്ധ്യാപകർക്കുള്ള അവാർഡിനുള്ള അപേക്ഷ മാർച്ച് 30 ന് മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കണം. 10, 20, 25, 30, 35, 40, 45 വർഷം സേവനം പൂർത്തിയാക്കിയവർക്കാണ് അവാർഡ് നൽകുന്നത്. ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യപത്രവും ഫോട്ടോയും ആണ് നൽകേണ്ടത്.

**CJ. 15/17 ട്രോഫികൾ**

2015-2016 അദ്ധ്യായന വർഷത്തിൽ സമ്മാനമായി ലഭിച്ച ട്രോഫികൾ ഉടൻ തന്നെ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കുമല്ലോ.

**CJ. 16/17 ഇടവക വിഹിതം**

ഇടവക വിഹിതം ഇതുവരെയും നല്കിയിട്ടില്ലാത്ത ഇടവകകൾ മാർച്ച് മാസം തന്നെ തുക തന്നു തീർക്കുമല്ലോ.

## CJ. 17/17 സ്കോളർഷിപ്പ് പരീക്ഷ

നമ്മുടെ ഇടവകയിലെ 10 ഫൊറോന കേന്ദ്രങ്ങളും മുരിക്കാശ്ശേരി, തോപ്രാംകുടി, മാങ്കുളം എന്നിവയും പരീക്ഷ കേന്ദ്രങ്ങളായിരിക്കും. പാഠപുസ്തകത്തിൽ നിന്നും 65% ചോദ്യങ്ങളും, പൊതുവിജ്ഞാനം 35% ചോദ്യങ്ങളുമാണ് ഉണ്ടാവുക. പൊതുവിജ്ഞാന ചോദ്യങ്ങൾ 4 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്ക് മാർഗദീപം Vol 2 പുസ്തകത്തിൽ നിന്നും ആദ്യത്തെ 11 അദ്ധ്യായങ്ങളും, കൂദാശകൾ എന്ന 13-ാം അദ്ധ്യായവും ആണ് പഠിക്കേണ്ടത്. 8, 9, 10-ാം ക്ലാസുകളിലെ കുട്ടികൾക്ക് മാർഗദീപം Vol 2 മുഴുവൻ അദ്ധ്യായങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. കൂടാതെ സഭയുമായി ബന്ധപ്പെട്ട ആനുകാലിക കാര്യങ്ങളെപ്പറ്റിയും ചോദ്യങ്ങൾ ഉണ്ടായിരിക്കും. പരീക്ഷ സമയം ഏപ്രിൽ 10 ന് 10.30 am മുതൽ 12.00 മണിവരെ ആയിരിക്കും. പരീക്ഷ സമയം കൃത്യമായി പാലിക്കേണ്ടതാണ്.

## CJ. 18/17 വാർഷിക പരീക്ഷ

X-ാം ക്ലാസ് ഒഴികെയുള്ള കുട്ടികളുടെ സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഏപ്രിൽ 8 ന് ശനിയാഴ്ച 10 am മുതൽ 12 മണിവരെയാണ് നടക്കുക. 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് പാഠപുസ്തകത്തിലെ മുഴുവൻ ഭാഗത്തുനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ബാക്കി ക്ലാസുകളിലെ കുട്ടികൾക്ക് 3-ാം ടേം-ൽ പഠിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്തുനിന്ന് മാത്രമെ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ. X-ാം ക്ലാസിന്റെ പരീക്ഷ മാത്രം ഏപ്രിൽ 10 തിങ്കളാഴ്ച 2.00 pm - നാണ് നടത്തേണ്ടത്. സ്കോളർഷിപ്പ് പരീക്ഷ എഴുതുന്ന X-ാം ക്ലാസിലെ കുട്ടികൾക്ക് സ്കോളർഷിപ്പ് എഴുതുന്ന സെന്ററിൽ തന്നെ 2.00 pm-ന് വാർഷിക പരീക്ഷ എഴുതാവുന്നതാണ്.

## CJ. 19/17 സുവിശേഷോത്സവം 2017

മതാദ്ധ്യാപകർക്കുള്ള പരിശീലന ക്ലാസുകൾ നടക്കുന്ന സ്ഥലവും തിയതിയും:

ഫെബ്രുവരി 25 - അടിമാലി ആത്മജ്യോതി
മാർച്ച് 4 - രാജാക്കാട്
മാർച്ച് 11 - നെടുംകണ്ടം



മാർച്ച് 18 - വെള്ളയാംകുടി
മാർച്ച് 25 - വാഴത്തോപ്പ്

9.00 am ന് വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

## CJ. 20/17 മതാദ്ധ്യാപകരുടെ ക്വിസ് മത്സരം

മതാദ്ധ്യാപർക്കുള്ള ക്വിസ് മത്സരം മാർച്ച് 26 ന് ആണ് നടത്തുക. പരീക്ഷാ സമയം 12.00 മണിമുതൽ 1.30 pm വരെയായിരിക്കും.

## CJ. 21/17 പ്രാർത്ഥന ദിനവും സ്റ്റഡിഫോറവും

മതാദ്ധ്യാപകരുടെ പ്രാർത്ഥനാദിനവും സ്റ്റഡിഫോറവും മാർച്ച് 19 ന് ആണ് നടത്തേണ്ടത്.

## CJ. 22/17 ബ്ലസിംഗ് സെറിമണി

XII-ാം ക്ലാസ് കുട്ടികളുടെ ബ്ലസിംഗ് സെറിമണി മാർച്ച് 26 ന് ആണ് നടത്തേണ്ടത്. ബ്ലസിംഗ് സെറിമണി ഏറ്റവും ഭംഗിയായി നടത്തുവാൻ ബഹു. വികാരിയച്ചനും മതാദ്ധ്യാപകരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## CJ. 23/17 SMCC പ്രതിഭ

മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന smcc പ്രതിഭാ സംഗമത്തിൽ നമ്മുടെ രൂപതയിലെ നസ്രത്തുവാലി ഇടവാകാംഗമായ ജ്യോതിസ് എബ്രാഹം ചിരംകുന്നേൽ SMCC പ്രതിഭകളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ടു ജോതിസ് എബ്രാഹമിനും നസ്രത്തുവാലി ഇടവകയ്ക്കും പ്രത്യേകം അഭിനന്ദനങ്ങൾ ക്രിസ്തുജ്യോതി നേരുന്നു.

## CJ. 24/17 ആദ്യകുർബാന സ്വീകരണത്തിനുള്ള പുസ്തകം/ ട്രെയിനിംഗ്

കുട്ടികളെ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുന്നതിന് ആവശ്യമായ പുസ്തകം സീറോമലബാർ സഭ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികളെ കുർബാന സ്വീകരണത്തിന് ഒരുക്കുന്നതിന് ഈ പുസ്തകമാണ് ഇനി മുതൽ ഉപയോഗിക്കേണ്ടത്. പുസ്തകം ക്രിസ്തുജ്യോതി ഓഫീസിൽ എത്തിയിട്ടുണ്ട്. വില Rs 50/-. ആദ്യകുർബാന സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അദ്ധ്യാപകർക്ക് അടിമാലി

ആത്മജ്യോതിയിൽ ഏപ്രിൽ 1 ന് പുസ്തകം പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. സീറോമലബാർ സഭയുടെ പുസ്തക രൂപീകരണകമ്മിറ്റി അംഗമായ ശ്രീ. ഷാജി മാലിപ്പാറയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. ആദ്യകുർബാന സ്വീകരണ ത്തിന് കുട്ടികളെ ഒരുക്കുന്ന ടീച്ചേഴ്സ് നിർബന്ധമായും ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.

**CJ. 25/17 വാർഷിക റിപ്പോർട്ട്**

സുവിശേഷോത്സവ് ക്ലാസുകൾ കഴിഞ്ഞ് ഉടനെ തന്നെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി ഏപ്രിൽ 17 ന് മുമ്പായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

**CJ. 26/17 വാർഷിക പരീക്ഷ ചോദ്യപേപ്പർ**

വാർഷിക പരീക്ഷ ചോദ്യപേപ്പറുകൾ വിതരണ കേന്ദ്രങ്ങളിൽ നിന്നും ഏപ്രിൽ 7-ാം തിയതി കൈപ്പറ്റാവുന്നതാണ്.

**വിതരണ കേന്ദ്രങ്ങൾ**

ചുരുളി, അടിമാലി ആത്മജ്യോതി, രാജാക്കാട്, കുഞ്ചിത്തണ്ണി, ചെമ്മണ്ണാർ, നെടുങ്കണ്ടം, ഇരട്ടയാർ, വെള്ളയാംകുടി, ഇടുക്കി സി.എം.സി. കോൺവെന്റ്, ബിഷപ്പ് ഹൗസ്, മുരിക്കാശ്ശേരി എന്നിവയാണ്. പരീക്ഷക്കുശേഷം 10, 12 ക്ലാസുകളിലെ ഉത്തരപേപ്പറുകൾ രജി. ഷീറ്റിനോടൊപ്പം ഏപ്രിൽ 12 ന് മുമ്പായി അതാതു വിതരണ കേന്ദ്രങ്ങളിലോ ക്രിസ്തുജ്യോതി ഓഫീസിലോ എത്തിക്കേണ്ടതാണ്. സ്കോളർഷിപ്പ് ചോദ്യപേപ്പറുകൾ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിക്കുന്നതായിരിക്കും.

**CJ. 27/17 സൺഡേ സ്കൂൾ ടൈംസ് റിസൽട്ട്**

Ist 'കാരുണ്യചിറകുകൾ' - സെന്റ് ഫ്രാൻസീസ് സേവ്യർ സൺഡേ സ്കൂൾ, ചെമ്മണ്ണാർ

IInd 'കാരുണ്യദൂത്' - സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ, വാഴത്തോപ്പ്



IIIrd 'കാരുണ്യജ്യോതി' - ക്രിസ്തുരാജ് സൺഡേ സ്കൂൾ, രാജാക്കാട്

IVth 'മരിയൻ വോയ്സ്' - സെന്റ് മേരീസ് സൺഡേ സ്കൂൾ, പെരിഞ്ചാംകുട്ടി

## CORPORATE EDUCATIONAL AGENCY

**Edn.12/17 രൂപതാ അവാർഡുകൾ**

ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയിലെ 2016-17 വർഷത്തെ അദ്ധ്യാപക അനദ്ധ്യാപക അവാർഡുകൾ ഫെബ്രുവരി 10-ാം തീയതി രാജമുടി ക്രിസ്തുരാജ് ഓഡിറ്റോറിയത്തിൽ വച്ചു നടത്തിയ സ്നേഹസംഗമത്തിൽ വച്ച് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ വിതരണം ചെയ്തു.

ഹയർ സെക്കണ്ടറി വിഭാഗത്തിൽ മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ഫാ. ജെയിംസ് പാലയ്ക്കാമറ്റം, ഹൈസ്കൂൾ വിഭാഗത്തിൽ വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. കുര്യൻ T.K., യൂ.പി. വിഭാഗത്തിൽ വാഴത്തോപ്പ് സെന്റ് ജോർജ്ജ് യൂ.പി. സ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ടോമി മൈക്കിൾ, എൽ.പി. വിഭാഗത്തിൽ പാണ്ടിപ്പാറ സെന്റ് ജോസഫ് യൂ.പി. സ്കൂൾ അദ്ധ്യാപിക ശ്രീമതി റോസമ്മ വി.എം., അനദ്ധ്യാപക വിഭാഗത്തിൽ പാറത്തോട് സെന്റ് ജോർജ്ജ് ഹൈസ്കൂൾ ക്ലാർക്ക് ശ്രീ. ജോസ് ജോൺ എന്നിവർ അവാർഡിന് അർഹരായി.

അവാർഡ് ജേതാക്കൾക്ക് വിദ്യാഭ്യാസ ഏജൻസിയുടെ അഭിനന്ദനങ്ങൾ.

**Edn. 13/17 അവാർഡ് വിതരണം- യാത്രയയപ്പ് സമ്മേളനം**

ഈ അദ്ധ്യായന വർഷം സർവ്വീസിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപക അനദ്ധ്യാപകർക്കുള്ള യാത്രയയപ്പും ഈ അദ്ധ്യായന വർഷം മികച്ച പ്രവർത്തനങ്ങൾ നടത്തിയ സ്കൂളുകൾക്കുള്ള

അവാർഡുകളുടെ വിതരണവും 2017 മാർച്ച് 18 ന് രാജമുടി ക്രിസ്തുരാജ് പാരിഷ് ഹാളിൽവച്ചു നടത്തുന്നു. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സമ്മേളനം അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്യുന്നതാണ്. സ്കൂളുകൾക്കായുള്ള അവാർഡുകൾ അഭിവന്ദ്യ പിതാവ് വിതരണം ചെയ്യും.

ഈ സമ്മേളനത്തിലേക്ക് ഈ വർഷം വിരമിക്കുന്ന എല്ലാ അദ്ധ്യാപക അനദ്ധ്യാപകരേയും എല്ലാ പ്രഥമാദ്ധ്യാപകരേയും സ്റ്റാഫ് സെക്രട്ടറിമാരേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

### Edn. 14/17 Claimants Meeting 2017

നമ്മുടെ സ്കൂളുകളിൽ അവധി ഒഴിവുകളിൽ നിയമിതരാവുകയും എന്നാൽ സ്ഥിരനിയമനം കിട്ടാത്തതുമായ അദ്ധ്യാപ അനദ്ധ്യാപകരുടെ മീറ്റിംങ്ങ് 2017 ഏപ്രിൽ 5 ബുധനാഴ്ച രാവിലെ 10 മണിക്ക് വാഴത്തോപ്പ് സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തപ്പെടുന്നു. സ്ഥിരനിയമനം കിട്ടാത്ത എല്ലാവരും ഈ മിറ്റിംഗിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഈ വിവരം ബഹു. വികാരിയച്ചന്മാർ പള്ളികളിൽ അറിയിക്കുമല്ലോ.

### Edn. 15/17 സ്കോളർഷിപ് പരീക്ഷ റിസൽട്ട്

ഈ വർഷം നടത്തിയ Academic Council, Catechism and Moral Science സ്കോളർഷിപ്പ് പരീക്ഷകളുടെ റിസൽട്ട് ചുവടെ ചേർക്കുന്നു. വിജയികളായ എല്ലാ കുട്ടികൾക്കും അവരെ പരിശീലിപ്പിച്ച അദ്ധ്യാപകർക്കും ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

## Academic Council Scholarship Result
## (Malayalam Medium)

**Std. I**

| | | |
|---|---|---|
| 1st | Ann Maria Wilson | Josgiri SJUPS |
| 2nd | Deon Sony | Eattithope VMLPS |
| 3rd | Karthik Raju | Vimalagiri VLPS |

**Std. II**

| | | |
|---|---|---|
| 1st | Ann Riya Shibu | Ellackal SALPS |



| | | |
|---|---|---|
| 2nd | Dilna Pradeep | Vellayamkudy SJLPS |
| 3rd | Dilkshan Santhosh | Erattayar STHSS |

**Std. III**

| | | |
|---|---|---|
| 1st | Albin Sunny | Eattithope VMLPS |
| 2nd | Elsha Theres Baby | Panamkutty SJUPS |
| 3rd | Anjo Jose | Rajakumary HQUPS |
| 3rd | Binitta Benny | Sleevamala SBLPS |

**Std. IV**

| | | |
|---|---|---|
| 1st | Jithu Jais | Eattithope VMLPS |
| 2nd | Parvathy Prakash | Rajamudy CKLPS |
| 3rd | Amal Raj manoj | Josgiri SJUPS |
| 3rd | Ashique Shaj | Poomankandam CRLPS |

**Std. V**

| | | |
|---|---|---|
| 1st | Nithin Jolly | Kollimala SMUPS |
| 2nd | Sanju Shaji | Josgiri SJUPS |
| 3rd | Delna Thomas | Udayagiri SMUPS |

**Std. VI**

| | | |
|---|---|---|
| 1st | Jismy Sony | Kiliyarkandam HFUPS |
| 2nd | Saniya Binu | Nedumkandam SSUPS |
| 3rd | Atmaja Alphons Thomas | Mankulam SMUPS |

**Std. VII**

| | | |
|---|---|---|
| 1st | Alodin J Kalapurackal | Mankuva STUPS |
| 2nd | Rose Maria Roy | Panamkutty SJUPS |
| 3rd | Abin Jose | Mankuva STUPS |

**Std. VIII**

| | | |
|---|---|---|
| 1st | Aleena Benny | Uppthode SJHS |
| 2nd | Jeevan Biju | Parathode SSHS |
| 3rd | Alina Antony | Uppthode SJHS |

**Std. IX**

| | | |
|---|---|---|
| 1st | Meenu Balakrishnan | Thokkupara SSHS |

| | | |
|---|---|---|
| 2nd | Ann Mariya Vincent | Vimalagiri VHS |
| 3rd | Sona Shibu | Murickassery SMHSS |

## Above 80% Marks (Malayalam Medium)

**STD- I**

| | | |
|---|---|---|
| 1 | Rose Maria Joji | Josgiri SJUPS |
| 2 | Sreekutty Santhosh | Kallarkutty SJLPS |
| 3 | Amal Thomas | Thankamany STLPS |
| 4 | Mariya Thomas | Bethel SJUPS |
| 5 | Hami Bijo | Ellackal SALPS |
| 6 | Glory Maria Roy | Kallarkutty SJLPS |
| 7 | Sikha Manoj | Lebbakkada LMLPS |
| 8 | Riyamol Reji | Murickassery SMLPS |
| 9 | Elena Tisson | Bethel SJUPS |
| 10 | Geon Siby | Kollimala SMUPS |
| 11 | Aron Shijo | Pandippara SJUPS |
| 12 | Ashil George Biju | Chempakappra SMLPS |
| 13 | Diyon Joyan | Chempakappra SMLPS |
| 14 | Alphonsa C.B | Mukkudam VLPS |
| 15 | Anoop Rony | Kollimala SMUPS |
| 16 | Athullya Santy | Josgiri SJUPS |
| 17 | Jewel Maria Shelly | Eattithope VMLPS |

**STD- II**

| | | |
|---|---|---|
| 1 | Razin Razak | Vellayamkudy SJLPS |
| 2 | Anson Sunny | Eattithope VMLPS |
| 3 | Alana Maria Roy | Vellayamkudy SJLPS |
| 4 | Karthika Manoj | Erattayar STHSS |
| 5 | Noel Jo Saji | Panamkutty SJUPS |
| 6 | Dony Binoy | Rajamudy CKLPS |

**STD- III**

| | | |
|---|---|---|
| 1 | Nijo Joby | Sleevamala SBLPS |
| 2 | Binta Baby | Rajamudy CKLPS |



**STD- IV**

| | | |
|---|---|---|
| 1 | Deons Kurian | Eattithope VMLPS |
| 2 | Jobit Joby | Eattithope VMLPS |

## Final Rank (English Medium)

**Std. I**

| | | |
|---|---|---|
| 1st | Jiya Anna Jinesh | Ellackal SALPS |
| 2nd | Dinet Byju | Erattayar STHSS |
| 3rd | Maritta Shaji | Murickassery SMLPS |

**Std. II**

| | | |
|---|---|---|
| 1st | Nivya Joby | Rajakumary HQUPS |
| 2nd | Alonso Joshy | Murickassery SMLPS |
| 3rd | Hentry T.K | Thopramkudy SMGLPS |

**Std. III**

| | | |
|---|---|---|
| 1st | Milona Tony | Erattayar STHSS |
| 2nd | Ardra Shaji | Erattayar STHSS |
| 3rd | Kevin K Baiju | Murickassery SMLPS |

**Std. IV**

| | | |
|---|---|---|
| 1st | Sera Boban | Thankamany STLPS |
| 2nd | Ann Maria Alex | Vellayamkudy SJLPS |
| 3rd | Ansa Deetha Pamcracriouis | Udayagiri SMUPS |

**Std. V**

| | | |
|---|---|---|
| 1st | Niya Siby | Erattayar STHSS |
| 2nd | Doncy Donish | Erattayar STHSS |
| 3rd | Laya Prakash | Nedumkandam SSUPS |

**Std. VI**

| | | |
|---|---|---|
| 1st | Sayooj P.S | Parathode SSHS |
| 2nd | Sandra Sony | Manjappara CRUPS |
| 3rd | Abin Binoj | Parathode SSHS |

**Std. VII**

| | | |
|---|---|---|
| 1st | Alfred Jose Sunny | Murickassery SMHSS |

| | | |
|---|---|---|
| 2nd | Mariya Abraham | Chemmannar SXHSS |
| 3rd | Athara Siby | Erattayar STHSS |

**Std. VIII**

| | | |
|---|---|---|
| 1st | Joel Sebastian | Vellayamkudy SJHSS |
| 2nd | Rosemariya Abraham | Thokkupara SSHS |
| 3rd | Derin Shaji | Vellayamkudy SJHSS |

**Std. IX**

| | | |
|---|---|---|
| 1st | Anumol Johny | Vazhathoppe SGHSS |
| 2nd | Arsha Biju | Pottenkad SSHS |
| 3rd | Niveditha Cibi | Punnayar STHS |

## Above 80% Marks (English Medium)

Std. I

| | | |
|---|---|---|
| 1 | Abiya Bijo | Ellackal SALPS |
| 2 | Ayona Shaju | Rajakumary HQUPS |
| 3 | Diya Rose Saiju | Mankulam SMUPS |
| 4 | Diya Rony | Vellayamkudy SJLPS |

## Scholarship Examination 2016-17

## Catechism

**Standard : IV**

| | | |
|---|---|---|
| 1st | Sera Boban | Thankamany STLPS |
| 2nd | Dilna C Savio | Erattayar STHSS |
| 3rd | Dominic M Bince | Murickassery SMLPS |

**Standard : VII**

| | | |
|---|---|---|
| 1st | Annu Nelson | Nedumkandam SSUPS |
| 2nd | Rose Maria Roy | Panamkutty SJUPS |
| 3rd | Liya Sibichan | Nedumkandam SSUPS |

**Standard : X**

| | | |
|---|---|---|
| 1st | Josna George | Vazhathoppe SGHSS |



| | | |
|---|---|---|
| 2nd | Neha Thomas | Pottenkad SSHS |
| 3rd | Neethu Sunny | Chemmannar SXHSS |

## Moral Science

**Standard : IV**

| | | |
|---|---|---|
| 1st | Amrutha Abhilash | Vellayamkudy SJLPS |
| 2nd | Abhinanov Babu | Chemmannar SXHSS |
| 3rd | Nandhanamol Binu | Vellayamkudy SJLPS |

**Standard : VII**

| | | |
|---|---|---|
| 1st | Noopa Anoop | Nirmal Jyothi Public School, Vellayamkudy |
| 2nd | Ansiya Sidhik | Koompanpara FMGHSS |
| 3rd | Revathy Revendran | Mankulam SMUPS |

**Standard : X**

| | | |
|---|---|---|
| 1st | Jinsu T. Saji | Chemmannar SXHSS |
| 2nd | Aiswarya Girish | Pottenkad SSHS |
| 3rd | Anjana P.B. | Ponmudy SMHS |

# സോഷ്യൽ സർവ്വീസ്

**SS 25/17 ഹരിത സമൃദ്ധി പദ്ധതി വിലയിരുത്തൽ**

നബാർഡിന്റെ സഹായത്തോടെ സൊസൈറ്റി നടപ്പിലാക്കുന്ന ഹരിത സമൃദ്ധി പദ്ധതിയുടെ പ്രവർത്തന വിലയിരുത്തൽ 2017 ഫെബ്രുവരി 7 മുതൽ 10 വരെ തീയതികളിൽ നടന്നു. മറയൂർ കൂടയ്ക്കാട്ടു കുടിയിലുള്ള പെരിയകുടി, നെല്ലിപ്പെട്ടി, കമ്മാളുംകുടി തുടങ്ങിയ ഗ്രാമങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. നബാർഡിൽ നിന്നയച്ച ശ്രീ. ധനേഷ്, ശ്രീ. സുരേഷ് എന്നിവരോടൊപ്പം സൊസൈറ്റിയിൽനിന്നും പ്രോഗ്രാം ഓഫീസർ ശ്രീ. സിബി തോമസ്, ഫീൽഡ് കോർഡിനേറ്റർമാരായ ശ്രീ. എബിൻ കുറുംന്താനത്ത്, ശ്രീ. മെൽബിൻ മാത്യു എന്നിവർ പ്രവർത്തങ്ങൾക്ക് നേതൃത്വം നൽകി.

### SS 26/17 ദുരിതാശ്വാസ നിധി

സൊസൈറ്റിയിൽ നിന്നും ജനുവരി മാസം ഭവന നിർമ്മാണത്തിനും ചികിത്സാസഹായത്തിനുമായി 38000/- രൂപയുടെ സാമ്പത്തിക സഹായം നൽകി.

### SS 27/17 സേവ് എ ഫാമിലി - വിലയിരുത്തൽ മീറ്റിങ്ങ്

കാലടി പാറപ്പുറത്തുള്ള ഐശ്വര്യ ഗ്രാം സെന്ററിൽ ഫെബ്രുവരി 14 മുതൽ 16 വരെ നടന്ന സേവ് എ ഫാമിലിയുടെ ത്രൈമാസ വിലയിരുത്തൽ മീറ്റിങ്ങിൽ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. മെൽബിൻ മാത്യു സംബന്ധിക്കുകയും സൊസൈറ്റിയുടെ കഴിഞ്ഞ 3 മാസത്തെ പ്രവർത്തനങ്ങളെ അവതരിപ്പിക്കുകയും ചെയ്തു.

### SS 28/17 ഹരിതാഭം പദ്ധതി പ്രാരംഭ മീറ്റിങ്ങ്

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയും, ഇടുക്കി ജില്ലാ സഹകരണബാങ്കും സംയുക്തമായി നടപ്പിലാക്കുന്ന ഹരിതാഭം പദ്ധതിയുടെ പ്രാഥമിക യോഗം 2017 ഫെബ്രുവരി 1-ാം തീയതി കഞ്ഞിക്കുഴി, ചേലച്ചുവട്, ആൽപ്പാറ എന്നിവിടങ്ങളിലും 3-ാം തീയതി പൊട്ടൻകാട്, സ്ലീവാമല എന്നീ പദ്ധതിപ്രദേശങ്ങളിലും നടന്നു. സൊസൈറ്റിയിൽ നിന്നും എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, പ്രോജക്ട് ഓഫീസർ ശ്രീ. സിബി മാളിയേക്കൽ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ എന്നിവർ പദ്ധതികളെ വിശദീകരിച്ച് സംസാരിച്ചു. യൂണിറ്റ് രക്ഷാധികാരികളും ക്രെഡിറ്റ് യൂണിയന്റെ മുഴുവൻ ഭാരവാഹികളും പ്രതിനിധികളും യോഗത്തിൽ പങ്കുചേർന്നു.

### SS 29/17 ഹരിതഗ്രാമം പദ്ധതി വിലയിരുത്തൽ

നബാർഡിന്റെ സഹായത്തോടെ മഞ്ഞപ്പാറയിൽ സൊസൈറ്റി നടപ്പിലാക്കുന്ന ഹരിതഗ്രാമം പദ്ധതിയുടെ പ്രവർത്തന വിലയിരുത്തൽ ശ്രീ. അശോക് കുമാർ നായർ (ജില്ലാ വികസന മാനേജർ, നബാർഡ്) ന്റെ നേതൃത്വത്തിൽ 2017 ഫെബ്രുവരി 15-ാം തീയതി നടന്നു. ഹരിതഗ്രാമം പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഗുണഭോക്താക്കളുമായി കൂടി



ക്കാഴ്ച്ച നടത്തുകയും ചെയ്തു. തുടർന്ന് പുതുതായി നടപ്പിലാക്കാനിരിക്കുന്ന ഹരത നിറവ് പദ്ധതിയുടെ പ്രദേശങ്ങൾ രാജമുടിയിൽ അദ്ദേഹം സന്ദർശിച്ചു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ പ്രോജക്ട് ഓഫീസർ ശ്രീ. സിബി മാളിയേക്കൽ പ്രോഗ്രാം കോർഡിനേറ്റർ എബിൻ കുറുംന്താനത്ത് എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

### SS 30/17 പൊതുയോഗവും ഡയറക്ടർ ബോർഡ് മീറ്റിങ്ങും

ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പിനി ലിമിറ്റഡിന്റെ ഒന്നാം വാർഷിക പൊതുയോഗം 2017 ഫെബ്രുവരി 4-ാം തീയതി രാവിലെ 10 മണിക്ക് കരിമ്പൻ സെന്റ് മേരീസ് പാരീഷ് ഹാളിൽ നടന്നു. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. കമ്പിനിയുടെ നിലവിലെ ഡയറക്ടർമാരിലൊരാളായ ശ്രീ. മാത്യു പുത്തൻപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുകയും ശ്രീ. സിബി മാളിയേക്കൽ കണക്കും റിപ്പോർട്ടും അവതരിപ്പിക്കുകയും ചെയ്തു. പ്രസ്തുത മീറ്റിങ്ങിൽ കമ്പനിക്ക് പുതിയ ഡയറക്ടർ ബോർഡിനെ തിരഞ്ഞെടുത്തു.

#### ഡയറക്ടർ ബോർഡ് മീറ്റിങ്ങ്

കമ്പിനിയുടെ പുതിയ ചെയർമാനായി ചുമതലയേറ്റ ശ്രീ. അഗസ്റ്റ്യൻ കൂനംപാറയിലിന്റെയും, സെക്രട്ടറി ശ്രീ. വിനോദ് സീ. ആർ. ന്റെയും നേതൃത്വത്തിൽ കമ്പിനിയുടെ ആദ്യ ഡയറക്ടർ ബോർഡ് മീറ്റിങ്ങ് അന്നുതന്നെ നടന്നു. കമ്പിനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട ചർച്ചകളും സംവാദങ്ങളുമാണ് പ്രധാനമായും നടന്നത്.

### SS 31/17 വോളന്റിയേഴ്സ് മീറ്റ് - 2017

കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് രൂപതയിൽ ആരംഭിച്ച ഗുഡ് സമരിറ്റൻ പെയിൻ ആന്റ് പാലിയേറ്റിവ് കെയർ യൂണിറ്റിലെ വോളന്റിയേഴ്സ് മീറ്റ് - 2017, ചുരുളി സെന്റ് തോമസ് പാരീഷ് ഹാളിൽ നടന്നു. മോൺ. ജെയിംസ് മംഗ്ഗലശ്ശേരി അച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിച്ച ദിവ്യബലിയിൽ അംഗങ്ങൾ എല്ലാ

വരും പങ്കുചേർന്നു. തുടർന്നു നടന്ന പൊതുസമ്മേളനം ഇടുക്കി രൂപ താദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ ഉദ്ഘാടനം ചെയ്തു. ഗുഡ് സമരിറ്റൻ പാലിയേറ്റിവ് കെയർ ടീം ക്യാപ്റ്റൻ ശ്രീ. ബാബു വെട്ടിക്കാലായിൽ അദ്ധ്യക്ഷൻ ആയിരുന്ന യോഗത്തിൽ എസ്.എ.ബി.എസ്. ജയ്മാതാ പ്രോവിഷ്യൽ സുപ്പീരിയർ സി. റെജി പന്തലാനിക്കൽ മുഖ്യപ്രഭാക്ഷണം നടത്തി. ഡോ. ജോ തോമസ്, ഡോ. സി. സുഗണ എന്നിവർ ക്ലാസ്സുകളെടുത്തു. റവ. ഫാ. മാത്യു കരോട്ട്കൊച്ചെറക്കൽ, റവ. ഫാ. ജോസ് പ്ലാച്ചിക്കൽ. റവ. ഫാ. ജോർജ്ജ് നമ്പ്യാപറമ്പിൽ, റവ. ഫാ. ഫിലിപ്പ് ഐക്കര എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. രൂപതയിലെ 33 ഇടവകകളിൽനിന്നായി 300 ഓളം അംഗങ്ങൾ പരിപാടികളിൽ സംബന്ധിച്ചു. സൊസൈറ്റിയിൽ നിന്നും അംഗങ്ങൾക്കായി ഐഡി കാർഡുകൾ വിതരണം ചെയ്തു. പ്രവർത്തനങ്ങൾക്ക് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, സി. ജ്യോതി മരിയ, സി. ബീന എന്നിവർ നേതൃത്വം നൽകി.

**SS 32/17 ഗിരിജ്യോതി വാട്ടർ ടാങ്കുകൾ**

ഉന്നത ഗുണനിലവാരം പുലർത്തുന്ന ഗിരിജ്യോതി വാട്ടർ ടാങ്കുകൾ പത്തു വർഷം ഗ്യാരന്റിയോടുകൂടെ ഉപഭോക്താക്കളുടെ ആവശ്യാനുസരണം യൂണിറ്റുകളിൽ എത്തിച്ചു നൽകുന്നതാണ്. ലിറ്ററിന് ബ്ലാക്ക് 5/- ബ്ലൂ ലിറ്ററിന് 5.20/- വൈറ്റ് ലിറ്ററിന് 6/- എന്നിങ്ങനെ മിതമായ നിരക്കിൽ ആവശ്യാനുസൃതമായ വലിപ്പത്തിൽ ഉള്ളവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് സൊസൈറ്റിയുമായി ബന്ധപ്പെടുക: Mob. No. 9496784500.

**SS 33/17 ഹൈടെക് കോഴിക്കൂടുകൾ**

ചെമ്മണ്ണാർ ഇടവകയിൽ 16 കുടുംബങ്ങൾക്ക് ഹൈടെക് കോഴിക്കൂടുകളും, കുഞ്ഞുങ്ങളും വിതരണം ചെയ്തുകൊണ്ട്, ക്യാൻസറിനെതിരെയുള്ള ബോധവത്ക്കരണത്തിന്റെ ഭാഗമായ ''വീട്ടിൽ നാടൻ കോഴിയും മുട്ടയും'' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഹൈടെക് കോഴിക്കൂടുകളും, കോഴികുഞ്ഞുങ്ങളും ആവശ്യമുള്ളവർ സൊസൈറ്റിയുമായി ബന്ധപ്പെടുക: Ph. No. 04862-236568.



## ചെറുപുഷ്പ മിഷൻലീഗ്

**CML 7/17 സംസ്ഥാന മാനേജിംഗ് കമ്മറ്റിയും ഇലക്ഷനും**

സി.എം.എൽ. സംസ്ഥാന മാനേജിംഗ് കമ്മറ്റിയും സംസ്ഥാന ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മാർച്ച് 11-ാം തീയതി ശനിയാഴ്ച എറണാകുളം പി.ഒ.സി.യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാ രൂപതാ ഭാരവാഹികളും സംസ്ഥാന മാനേജിംഗ് കമ്മറ്റിയിൽ പങ്കെടുക്കുമല്ലോ.

**CML 8/17 ക്രിസ്റ്റീൻ ധ്യാനം**

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ 9 മുതൽ 12 വരെ ക്ലാസിലുള്ള കുട്ടികൾക്കായി ഏപ്രിൽ മാസം ആദ്യവും, 5 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്കായി മെയ് മാസം ആദ്യവും പടമുഖം സ്നേഹമന്ദിരത്തിൽവച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

**CML 9/17 രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

സി.എം.എൽ. ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ ഫെബ്രുവരി 24-ാം തീയതി വെള്ളിയാഴ്ച ചേർന്നു. വെരി. റവ. ഫാ. ജോർജ് കുഴിപ്പള്ളി സമ്മേളനം ഉദ്ഘാടനം ചെയ്യുകയും റവ. ഫാ. ബിജു വെട്ടുകല്ലേൽ CMI ക്ലാസുകൾ നയിക്കുകയും ചെയ്തു. രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്ത എല്ലാ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനും രൂപതാ മിഷൻ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ. യോഗത്തിന് രൂപതാ ഡയറക്ടർ ഫാ. മാത്യു അരയത്തിനാൽ സ്വാഗതവും സെക്രട്ടറി ശ്രീ. സിനോജ് ചെറുതാനിക്കൽ നന്ദിയും അറിയിച്ചു.

**CML 10/17 പരീക്ഷാ ഒരുക്കധ്യാനം**

രൂപതയിലെ 7 സെന്ററുകളിൽ വച്ച് സി.എം.എൽ. ഇടുക്കി രൂപതാ സമിതിയുടെ നേതൃത്വത്തിൽ പരീക്ഷാ ഒരുക്കധ്യാനം നടത്തി. ധ്യാനത്തിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും രൂപതാ മിഷൻ കുടുംബത്തിന്റെ നന്ദി അറിയിക്കുന്നു.

## കെ.സി.എസ്.എൽ.

**KCSL 9/17 പ്രാർത്ഥനാശംസകൾ**

വാർഷിക പരീക്ഷയ്ക്കായി ഒരുങ്ങികൊണ്ടിരിക്കുന്ന എല്ലാ കെ.സി.എസ്.എൽ. അംഗങ്ങൾക്കും കെ.സി.എസ്.എൽ. രൂപതാ കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**KCSL 10/17 ആനിമേറ്റേഴ്സിന്റെ വിവരശേഖരണം**

സംഘടനയ്ക്കുവേണ്ടി ആത്മാർത്ഥമായി സേവനം ചെയ്യുന്ന എല്ലാ ആനിമേറ്റേഴ്സിനേയും കൂടുതൽ അറിയുന്നതിനും വിവരങ്ങൾ ഓഫീസിൽ സൂക്ഷിക്കുന്നതിനുമായി സ്കൂളുകളിൽ നൽകിയിരിക്കുന്ന ഫോം പൂരിപ്പിച്ചുതരാത്ത എല്ലാ സ്കൂളുകളും എത്രയും വേഗം അത് പൂരിപ്പിച്ച് രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

## ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 1/17 അഭിനന്ദനങ്ങൾ**

ജീസസ് യൂത്തിന്റെ കേരള റീജിയണൽ കോ-ഓർഡിനേറ്ററായി നമ്മുടെ രൂപതയിലെ വാത്തിക്കുടി ഇടവകാംഗമായ ശ്രീ. അഭിലാഷ് എം.കെ. മേപ്രമഠത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. 2 വർഷത്തേക്കാണ് സേവനകാലാവധി. ശ്രീ. അഭിലാഷിന് അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.



## മദ്യവിരുദ്ധസമിതി

**MVS 4/17 ''മദ്യവിമുക്തസഭയും സമൂഹവും''**

''മദ്യവിമുക്തസഭയും സമൂഹവും'' എന്ന KCBC മദ്യവിരുദ്ധസമിതിയുടെ സുന്ദരമുദ്രാവാക്യം പ്രാബല്യത്തിൽ എത്തിക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് കൂടുതൽ കരുത്ത് പകരുന്ന വിദേശമദ്യഷാപ്പ് സമരം കേരളത്തിൽ ഉടനീളം അഗ്നിജ്വാലയായ് കത്തിപ്പടർന്നുകൊണ്ടിരിക്കുന്നു. സുപ്രീംകോടതിയുടെ സുപ്രധാന വിധിയിലൂടെ സംസ്ഥാന-ദേശീയപാതയോരങ്ങളിൽ പ്രവർത്തിക്കുന്ന വിദേശമദ്യശാലകൾ മാർച്ച് 30-നകം അടച്ചുപൂട്ടണം. കാരണം, വ്യക്തികളിലും സമൂഹത്തിലും കുടുംബത്തിലും ഒട്ടനവധി ദുരന്തങ്ങൾക്ക് കാരണമാകുന്ന മദ്യലഹരിയുടെ സ്വാധീനം ഭരണാധികാരികൾക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നില്ലെങ്കിലും, പരമോന്നത നീതിപീഠമായ സുപ്രീംകോടതിക്ക് മനസ്സിലാക്കാൻ സാധിച്ചു. അതിനാൽ മദ്യക്കടകൾ ജനവാസകേന്ദ്രങ്ങളിലേക്ക് രഹസ്യമായി മാറ്റുവാൻ നടക്കുന്ന എല്ലാ നീക്കങ്ങളും കൃത്യമായി മനസ്സിലാക്കികൊണ്ട് അതിനെ ശക്തമായി എതിർക്കുന്ന പിഞ്ചുകുഞ്ഞുങ്ങൾ അടക്കമുള്ള സ്ത്രീ-പുരുഷ സമൂഹം ''വീടുമുടിക്കും, നാടുമുടിക്കും മദ്യം നാട്ടിൽ വേണ്ടേ വേണ്ട'' എന്നു പറഞ്ഞുകൊണ്ട് അണിനിരക്കുന്ന കാഴ്ച കേരളസമൂഹത്തിന് വലിയ മുതൽക്കൂട്ടും ആശ്വാസവുമാണ്. പ്രസ്തുത നീക്കങ്ങൾക്ക് ചടുലമായ നേതൃത്വം കൊടുക്കുന്ന ആദരണീയരായ വൈദികരും ഏറെ പ്രശംസയും ആദരവും അർഹിക്കുന്നു. ഇടുക്കി ജില്ലയിൽ വെള്ളയാംകുടിയിൽ (വെട്ടിക്കുഴക്കവല), തുവരയാർ (കക്കാട്ടുകട), കരിമ്പൻ, തൂക്കുപാലം, രാജാക്കാട്, കുഞ്ചിത്തണ്ണി തുടങ്ങി പല സ്ഥലങ്ങളിലും അതാത് ഇടവക വികാരിമാരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ നടക്കുന്ന ഇത്തരം പ്രതിഷേധ സമരങ്ങൾക്ക് KCBC മദ്യവിരുദ്ധസമിതി ഇടുക്കി രൂപതയുടെ എല്ലാവിധ പിന്തുണയും പ്രോൽസാഹനവും നൽകുന്നുണ്ട്.

# ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 5/17 റഫായേൽ നൈറ്റ്**

നമ്മുടെ രൂപതയിൽ വിവാഹദൈവവിളി സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കും അതിന് തടസ്സങ്ങൾ നേരിടുന്നവർക്കുമായി ക്രമീകരിച്ചിരിക്കുന്ന ശുശ്രുഷയാണ് ''റാഫായേൽ നൈറ്റ്''.

18 വയസിനു മുകളിൽ പ്രായമായ അവിവിവാഹിതരായ യുവതീയുവാക്കന്മാരും അവരുടെ കുടുംബാംഗങ്ങളും ഒന്നിച്ചു കൂടുന്ന ശ്രുശ്രൂഷ വൈകുന്നേരം 6 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് 9 മണിക്ക് ദിവ്യകാരുണ്യ ആരാധനയോടെ സമാപിക്കുന്നു.

**നടത്തപ്പെടുന്ന ഇടവകകൾ**

മാർച്ച് 01 - 10 രാജാക്കാട് ഫൊറോനയിലെ ഇടവകകളിൽ
മാർച്ച് 11 - 20 പാറത്തോട് ഫൊറോനയിലെ ഇടവകകളിൽ
മാർച്ച് 21 - 29 കൂമ്പൻപാറ ഫോറോനയിലെ ഇടവകകളിൽ
മാർച്ച് 30 - ഏപ്രിൽ 6 വെള്ളയാംകുടി ഫോറോനയിലെ ഇടവകകളിൽ

ബഹു. വികാരിയച്ചന്മാർ ഇതിനുവേണ്ടതായ സമയക്രമീകരണം അറിയിക്കുമല്ലോ. ഫോൺ : 9446837178, 9496895111.

**FA 6/17 വിവാഹ ദൈവവിളിവാരം**

മാർച്ച് 19 മുതൽ 25 വരെ രൂപതാകുടുംബം വിവാഹ ദൈവവിളിവാരമായി ആചരിക്കുന്നു. തിരുക്കുടുംബ സംരക്ഷകനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ തുടങ്ങി ജീവന്റെ നാഥയായ പരി. കന്യകാമറിയത്തിന്റെ മംഗളവാർത്താതിരുനാൾ ദിനമായ മാർച്ച് 25 ന് സമാപിക്കുന്ന ഈ ആചരണത്തിലൂടെ, നമ്മുടെ കുടുബങ്ങളിലൂള്ള യുവതീയുവാക്കൾക്ക് വിവാഹ ദൈവവിളി സ്വീകരണത്തിന് ആവശ്യമായ ദൈവീകകൃപാവരം ലഭിക്കുവാൻ എല്ലാ കുടുംബങ്ങളും ശ്രദ്ധിക്കുമല്ലോ.



**FA 7/17 ജീവൻ ദിനാചരണം - മാർച്ച് 25**

ഇടുക്കി രൂപതാ പ്രൊലൈഫ് ശുശ്രൂഷയുടെ നേതൃത്വത്തിലുള്ള ജീവൻ ഫൗണ്ടേഷന്റെ ഏഴാമത് വാർഷികവും ജീവൻ ദിനാചരണവും 2017 മാർച്ച് 25 ന് കരിമ്പൻ രൂപതാ കേന്ദ്രത്തിൽ നടത്തപ്പെടുന്നു. രാവിലെ 9.30 ന് വി. കുർബാനയും 11 മുതൽ 1 മണിവരെ സെമിനാറും ഉച്ചയ്ക്കുശേഷം ജീവസംരക്ഷകരെ ആദരിക്കലുമായിരിക്കും.

**FA 8/17 വിവാഹ ഒരുക്കധ്യാനം**

മാർച്ച് 01 ബുധൻ - 03 വെള്ളി
മാർച്ച് 27 തിങ്കൾ - 29 ബുധൻ
ഏപ്രിൽ 10 തിങ്കൾ - 12 ബുധൻ
ഏപ്രിൽ 24 തിങ്കൾ - 26 ബുധൻ

സ്ഥലം :- ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി
ഫോൺ :- 9496895111

**FA 9/17 ഏലീശ്വാ ധ്യാനം**

ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കൾക്കായുള്ള ഈ ധ്യാനത്തിൽ വചനബോധ്യങ്ങൾക്കൊപ്പം ഗൈനക്കോളജി, ശിശുരോഗവിദഗ്ധരുടെ ക്ലാസ്സുകൾ, മനഃശാസ്ത്ര ക്ലാസുകൾ, കൗൺസിലിംഗ്, ആന്തരിക സൗഖ്യാരാധന എന്നിവ ക്രമീകരിച്ചിരിക്കുന്നു.

ഏപ്രിൽ 21 വെള്ളി 5 pm മുതൽ 23 ഞായർ 4 pm വരെ.

# നവോമി കുടുംബ കേന്ദ്രം

**NFC 3/17 നവോമി ധ്യാനം**

ഏപ്രിൽ 21 വെള്ളി 5 pm മുതൽ 23 ഞായർ 4 pm വരെ അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വിധവകളായ അമ്മമാർക്കുവേണ്ടി ആരാധനയും ക്ലാസുകളും കൗൺസിലിംഗും ക്രമീകരിച്ചിരിക്കുന്നു.

**NFC 4/17 നവോമി സംഘടനാ ഭാരവാഹികൾ**

നമ്മുടെ ഇടവകകളിൽ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട നവോമി സംഘടനയുടെ ഭാരവാഹികൾ:

1. **പാറത്തോട്**

ഡയറക്ടർ - റവ. ഫാ. ജോസ് ചിറ്റടിയിൽ
പ്രസിഡന്റ് - ത്രേസ്യാമ്മ ചിറ്റിലപ്പാറയിൽ
വൈ. പ്രസിഡന്റ് - മറിയക്കുട്ടി ആഗസ്തി പൂങ്കുടിയിൽ
സെക്രട്ടറി - റെജിൻ കുര്യപ്പിള്ളി
ജോ. സെക്രട്ടറി - മേഴ്സി ജോൺ ഇരട്ടക്കര
ട്രഷറർ - ബെറ്റി വരകുകാലായിൽ

2. **തൊവരയാർ**

ഡയറക്ടർ - റവ. ഫാ. തോമസ് വലിയമംഗലം
പ്രസിഡന്റ് - മോളി തോമസ് കുന്നപ്പിള്ളിൽ
സെക്രട്ടറി - ഷൈനി
കമ്മറ്റി അംഗം - ഫിലോമിന തോമസ് മുണ്ടപ്ലാക്കൽ

3. **മുളകുവള്ളി**

ഡയറക്ടർ - റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ
പ്രസിഡന്റ് - ലിസമ്മ ജോർജ്ജ് പുളിയ്ക്കകുന്നേൽ
സെക്രട്ടറി - ബിന്ദു ചാക്കോ കുറ്റിപാലയ്ക്കൽ



4. **കീരിത്തോട്**

ഡയറക്ടർ - റവ. ഫാ. ജോസ് കാവുങ്കൽ
പ്രസിഡന്റ് - മേരികുട്ടി ജോർജ്ജ് വെട്ടിക്കാട്ടുകുന്നേൽ
സെക്രട്ടറി - സിജി ജോൺസൺ മൈപ്പാൻ

5. **പൊൻമുടി**

ഡയറക്ടർ - റവ. ഫാ. മാത്യു പൊന്നമ്പേൽ
പ്രസിഡന്റ് - ലിസി ജോസഫ് മണികൊമ്പേൽ
സെക്രട്ടറി - സലോമി പുളിക്കപ്പടവിൽ

# മാതൃവേദി

**MV 6/17 ദീപിക സഭയുടെ മുഖപത്രം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ദീപിക ദിനപത്രം പ്രചരിപ്പിക്കുന്നതിനായി മാർച്ച് മാസം നീക്കി വച്ചിരിക്കുകയാണ്. ബോധവൽക്കരണ ക്ലാസ് നയിക്കുന്നതിനായി രൂപതാ ടിം സജ്ജമായിട്ടുണ്ട് എല്ലാ യൂണിറ്റുകളിലും ദീപിക പ്രചരണ ക്ലാസുകൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**MV 7/17 Path 2017**

അമ്മമാരുടെ കൺവൻഷൻ 'Path 2017' സൗകരപ്രദമായ സമയത്ത് എല്ലാ യുണിറ്റുകളിലും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**MV 8/17 ലീഡേഴ്സ് ട്രെയിനിംഗ്**

അമ്മമാരെ നേതൃനിരയിലേക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി ഏപ്രിൽ 22 ന് നടക്കുന്ന ട്രെയിനിങ്ങ് പ്രോഗാമിൽ പങ്കെടുക്കുന്ന അമ്മമാരുടെ പേരുവിവരങ്ങൾ നേരത്തെ അറിയിക്കുമല്ലോ.

**MV 9/17 ദമ്പതീധ്യാനം**

മാർച്ച് മാസത്തിലെ ദമ്പതീധ്യാനം 16-ാം തീയതിമുതൽ 19-ാം തീയതിവരെ നടത്തപ്പെടുന്നതാണ്.

## MV 10/17 നറുക്കെടുപ്പ് വിജയികൾ

മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തിയ സമ്മാനകൂപ്പൺ പദ്ധതിയിലെ വിജയികളുടെ പേരുവിവരങ്ങൾ ചുവടെ കൊടുക്കുന്നു:

1. റോസമ്മ ജോസ് മുരിങ്ങമറ്റത്തിൽ, വെൺമണി
2. ജാസ്മിൻ സജി മണ്ണാത്ത്, പള്ളിക്കാനം
3. സേവ്യർ ഫ്രാൻസീസ് നടയ്ക്കൽ, കിളവികുളം മൈലാടുംപാറ
4. റോസ് പോൾ കള്ളിയാടിക്കൽ, കൂമ്പൻപാറ
5. സിനി ഡോമിനിക്ക് വാഴയിൽ, താന്നിക്കണ്ടം
6. ജോസ് നടയ്ക്കൽ, ചെങ്കുളം
7. അമൽ സിബി വർണ്ണാക്കുഴിയിൽ, പാണ്ടിപ്പാറ
8. ചിഞ്ചു സിജോ പട്ടാംകുളത്ത്, എൻ.ആർ. സിറ്റി, ഞരിപ്പുപാലം
9. ബിൻസി ബിജു വേലംപറമ്പിൽ, പേഴുംകണ്ടം
10. ലീലാമ്മ ജോർജ്ജ് പാലകുന്നേൽ, ഉടുമ്പൻചോല
11. ജൂലിയോ ജയിംസ് മുണ്ടോളിയ്ക്കൽ, പാറത്തോട്
12. സോമിയ ബിനോയി ചെത്തിപ്പുഴ, മഞ്ഞപ്പാറ
13. ബിന്ദു സെബാസ്റ്റ്യൻ പെരുമങ്ങാട്മറ്റത്തിൽ, ശാന്തിഗ്രാം

# കുടുംബക്കൂട്ടായ്മ

## SCC 1/17

ഫാദർ ടോം ഉഴുന്നാലിലിന്റെ മോചനത്തിനായി പ്രാർത്ഥനാദിനമാചരിക്കുകയും പ്രതിഷേധയോഗം നടത്തുകയും ചെയ്തു. യോഗത്തിൽ രൂപതാ പ്രസിഡന്റ് സോണി മാത്യൂ കൂടപ്പാംകുന്നേൽ, ഡയറക്ടർ ഫാ. ജോർജ്ജ് കരിവേലിക്കൽ, സെക്രട്ടറി ഷാജി വരകുകാലാപറമ്പിൽ, ട്രഷർ സണ്ണി കാടംകാവിൽ, ജോൺ കൊമ്പിക്കര എന്നിവർ നേതൃത്വം നൽകി.



രൂപതാ എക്സിക്യൂട്ടീവ് യോഗം 08-02-2017 ബുധനാഴ്ച മുളകരമേട് സെന്റ് മാർട്ടിൽ ഡി പോറസ് ദൈവാലയത്തിൽ ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപരിപാടികൾ ചർച്ച ചെയ്യുകയും ചെയ്തു.

## SCC 2/17 ഫൊറോനാ സംഗമങ്ങൾ

മാർച്ച് 05 - രാജാക്കാട് ഫൊറോന
മാർച്ച് 12 - ഇരട്ടയാർ
മാർച്ച് 19 - നെടുംകണ്ടം
മാർച്ച് 26 - വെള്ളയാംകുടി
ഏപ്രിൽ 02 - ചുരുളി

# കേരള ലേബർ മൂവ്മെന്റ്

## KLM 10/17 സംസ്ഥാന നേതൃത്വ സമ്മേളനം

രൂപതാ ഭാരവാഹികളുടെയും തൊഴിലാളികളുടെയും സംസ്ഥാന ഭാരവാഹികളുടെയും ക്യാമ്പ് മാർച്ച് 11, 12 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടക്കും.

## KLM 11/17 രൂപതാ ഡയക്ടർമാരുടെ യോഗം

ഡയക്ടർമാരുടെ യോഗം എറണാകുളം പി.ഒ.സി. യിൽവച്ച് 13 ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ നടക്കും.



# ആത്മജ്യോതിയിലെ പരിപാടികൾ

**മാർച്ച് 2017**

01 - 03 : വിവാഹ ഒരുക്ക ധ്യാനം
05 - 10 : എഫ്ഫാത്താ ധ്യാനം
11 - 12 : തിയോളജി കോഴ്സ്
13 - 15 : വിവാഹ ഒരുക്ക ധ്യാനം
16 - 19 : ദമ്പതീധ്യാനം
27 - 29 : വിവാഹ ഒരുക്ക ധ്യാനം

# അറിയിപ്പുകൾ

**മാർ സ്ലീവ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയളോജിക്കൽ സ്റ്റഡീസ്**
**ആത്മജ്യോതി, അടിമാലി**

നമ്മുടെ രൂപതയിൽ ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ 2013 ഡിസംബറിൽ ആരംഭിച്ച ദ്വിവത്സര ദൈവശാസ്ത്രപഠന കോഴ്സ് 4-ാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. ആദ്യ ബാച്ച് കോഴ്സ് പൂർത്തീകരിച്ചു. 3-ാം ബാച്ചിന്റെ പഠനം ഒരു വർഷം പിന്നിട്ടു. കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ 2-ാം ബാച്ചിന് സർട്ടിഫിക്കറ്റ് നൽകലും, 4-ാം ബാച്ചിന്റെ കോഴ്സ് ആരംഭവും 2017 ഏപ്രിൽ 1-ാം തിയതി അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് നിർവഹിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

എല്ലാമാസവും 2-ാം ശനിയാഴ്ച രാവിലെ 10 മുതൽ ഞായർ 3 മണിവരെയാണ് ക്ലാസ്സുകൾ. ഒരു ഇടവകയിൽ നിന്നും (സൺഡേ സ്കൂൾ അധ്യാപകർ, മാതൃവേദി അംഗങ്ങൾ, യുവജനങ്ങൾ, പിതൃവേദി അംഗങ്ങൾ........) ഒരാളെയെങ്കിലും പറഞ്ഞുവിടാൻ വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.






03 കൂമ്പൻപാറ ഫാത്തിമമാതാ സ്കൂളിന്റെ വാർഷിക സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു.

* മാങ്കുളത്ത് പണിതീർത്ത യു.പി. സ്കൂൾ കെട്ടിടത്തിന്റെ വെഞ്ചരിപ്പും, പള്ളിമുറിയുടെ ശിലവെഞ്ചരിപ്പും നടത്തി.

11 രാജമുടിയിൽ ഇടുക്കി രൂപതാ അദ്ധ്യാപക-അനദ്ധ്യാപക സംഗമം ഉദ്ഘാടനം ചെയതു.

* പാറത്തോട്ടിൽ ബഹു. ജോൺ പുന്നോലിൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാര ശുശ്രൂഷകൾ നടത്തി.

* കുഞ്ചിത്തണ്ണി ഗവ. ഹയർസെക്കണ്ടറി സ്കൂൾ ഹൈടെക് പ്രഖ്യാപന-പൂർവ്വവിദ്യാർത്ഥി സംഗമത്തിൽ പങ്കെടുത്തു.

19 കല്ലാർകുട്ടി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

21-22 ആലുവാ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ കമ്മീഷൻ വിസിറ്റ് നടത്തി.

22 അടിമാലിയിൽ ഇടുക്കി രൂപത ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃസംഗമത്തിൽ പങ്കെടുത്തു.

23 വാഴത്തോപ്പ് കത്തീഡ്രൽ ദൈവാലയത്തിൽ ജോർദ്ദാനിയ മാമ്മോദീസ നല്കി.

24 പൊൻമുടി ഇടവകയിൽ പുതുക്കി പണി സിമിത്തേരികപ്പേള വെഞ്ചരിച്ചു.

25 കുതിരക്കല്ലിൽ നിർമ്മാണം പുതുതായി നിർമ്മിച്ച സിമിത്തേരി വെഞ്ചരിച്ചു.

26 ആയിരമേക്കർ ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.




| | | |
|---|---|---|
| 10.00 am | | - കരിസ്മാറ്റിക് ലീഡേഴ്സ് മീറ്റ്, വെള്ളയാംകുടി |
| 04 | | - അനുസ്മരണ സമ്മേളനം, ചേമ്പളം |
| 18 | 10.00 am | - അദ്ധ്യാപക യാത്രയയപ്പ് സമ്മേളനം, രാജമുടി |
| * | 04.00 pm | - വൈദീകമന്ദിരം വെഞ്ചരിപ്പ്, വെള്ളയാംകുടി |
| 25-26 | | - പള്ളി വിസീത്ത, കൊരണ്ടിക്കാട് |



**Statement about ownership and other particulars about the magazine**

**SAHYANADHAM (MALAYALAM)**

(Form IV See Rule 8)

| | | |
|---|---|---|
| 1. Place of Publication | - | Karimpan |
| 2. Periodicity of its publication | - | Monthly |
| 3. Printer's Name | - | Rev. Fr. James Punnaplackal |
| Nationality | - | Indian |
| Address | - | Bishop's House<br>Karimpan, Manipara P.O.<br>Idukki - 685 602 |
| 4. Publisher's Name etc | - | As in 3 |
| 5. Editor's Name etc | - | As in 3 |
| 6. Name and address of individuals who own the newspaper & Partners or shareholders holding more than one percent of the total capital | - | Diocese of Idukki |

*I Fr. James Punnaplackal hereby declare that the particulars given above are true to the best of my knowledge and belief.*

Sd/-

**Fr. James Punnaplackal**

01-03-2017 (Publisher)